27
2025
ജൂൺ
വെള്ളി
മിഥുനം 13

NAUTICAL TIMES KERALA
The National Daily in Malayalam / English
നോട്ടിക്കൽ ടൈംസ് കേരള
e-mail: nauticaltimeskerala@gmail.com
RNI.Reg.No.KERBIL/2018/77391




തിരുവനന്തപുരം | Thiruvananthapuram | web: www. nauticaltimesmedia.com | Volume-6, Issue No.172 Page 4, | Price: Rs. 2 | പുസ്തകം-6 ലക്കം-172 | പേജ് 4. വില 2.00 രൂപ

02 വിവേകം, സൗഹൃദം, അറിവ് എന്നിവ നശിപ്പിക്കും ലഹരി
03 തുരങ്ക പദ്ധതികൾക്കായി 2.5 ലക്ഷം മുതൽ 3 ലക്ഷം കോടി
04 ബഹിരാകാശ നിലയം ലക്ഷ്യമാക്കി ശുഭാംശു ശുക്ലയും സംഘവും

# വിഴിഞ്ഞം തുറമുഖ പദ്ധതിയുമായി ബന്ധപ്പെട്ടവർക്ക് നഷ്ടപരിഹാരം

തിരുവനന്തപുരം: വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ പദ്ധതിയുമായി ബന്ധപ്പെട്ട ജീവനോപാധി നഷ്ടപരിഹാരം വിതരണം ചെയ്തു.

കരമടിത്തൊഴിലാളികൾ, ചിപ്പി-കട്ടമരത്തൊഴിലാളികൾ, കരമടി അനുബന്ധ സ്ത്രീ ചുമട്ടുതൊഴിലാളികൾ എന്നീ മത്സ്യബന്ധന വിഭാഗങ്ങളിൽ നിന്നും തുറമുഖ നിർമ്മാണത്തെത്തുടർന്ന് ഉപജീവനമാർഗ്ഗം നഷ്ടപ്പെടുന്നതായി കണ്ടെത്തിയവർക്കാണ് നഷ്ടപരിഹാരം നൽകിയത്.



വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ പദ്ധതിയുമായി ബന്ധപ്പെട്ട ജീവനോപാധി നഷ്ടപരിഹാരം വിസിൽ മാനേജിംഗ് ഡയറക്ടർ ഡോ. ദിവ്യ എസ്. അയ്യർ ഐ.എ.എസ് വിതരണം ചെയ്യുന്നു. വിസിൽ സി ഇ ഒ ശ്രീകുമാർ കെ മേനോൻ, വിസിൽ ജെനറൽ മാനേജർ (പരിസ്ഥിതി) പ്രസാദ് കുര്യൻ എന്നിവർ സമീപം

മരണപ്പെട്ട ഗുണഭോക്താക്കളുടെ അവകാശികളുൾപ്പെടെ 15 കുടുംബങ്ങൾക്കാണ് ഇന്ന് 43 ലക്ഷം രൂപയോളം ജീവനോപാധി നഷ്ടപരിഹാരമായി വിതരണം ചെയ്തത്.

ഇതുവരെ 2,940 കുടുംബങ്ങൾക്കായി 114.73 കോടിയോളം രൂപ നഷ്ടപരിഹാരമായി വിതരണം ചെയ്തു കഴിഞ്ഞു.

വിഴിഞ്ഞം ഇന്റർനാഷണൽ സീപോർട്ട് ലിമിറ്റഡ് മാനേജിംഗ് ഡയറക്ടർ ഡോ. ദിവ്യ എസ്. അയ്യരാണ് നഷ്ടപരിഹാരം വിതരണം ചെയ്തത്.



## ചൂരൽമല, മുണ്ടക്കൈ: വീണ്ടും മലവെള്ളപ്പാച്ചിൽ

വയനാട് : കഴിഞ്ഞകൊല്ലം ഉരുൾദുരന്തമുണ്ടായ ചൂരൽമലയിലും മുണ്ടക്കൈയിലും പരിഭ്രാന്തി പരത്തി കനത്ത മലവെള്ളപ്പാച്ചിൽ. നൂറുകണക്കിനു തൊഴിലാളികൾ എസ്റ്റേറ്റുകളിൽ കുടുങ്ങി. ശരിയായ മഴ മുന്നറിയിപ്പ് നൽകാത്തതിന്റെ പേരിൽ ജനം പ്രതിഷേധവുമായി രംഗത്തിറങ്ങി. വെള്ളാർമല വില്ലേജ് ഓഫിസറെ കയ്യേറ്റം ചെയ്തെന്നാരോപിച്ച് 6 പേർക്കെതിരെ കേസെടുത്തു. വയനാട് എഡിഎം, വൈത്തിരി തഹസിൽദാർ എന്നിവരെയും ജനം തടഞ്ഞുവച്ചു. മുണ്ടക്കൈ, ചൂരൽമല പ്രദേശത്തെ 3 വാർഡുകളിലുള്ളവർക്കെല്ലാം 300 രൂപ വീതം പ്രതിദിനസഹായം നൽകുക, പുനരധിവാസ പട്ടിക പുനഃപ്രസിദ്ധീകരിക്കുക തുടങ്ങിയ ആവശ്യങ്ങൾ അംഗീകരിക്കാമെന്ന ഉറപ്പിലാണ് ഉദ്യോഗസ്ഥരെ ജനം വിട്ടയച്ചത്.

ഇന്നലെ രാവിലെ ഏഴോടെയാണ് പുന്നപ്പുഴയിൽ മലവെള്ളപ്പാച്ചിൽ തുടങ്ങിയത്. അതിനു മുൻപേ തൊഴിലാളികളെ അക്കരെ കടത്തിവിട്ടിരുന്നു. രണ്ടു മണിക്കൂറിനകം പുഴയിൽ വൻതോതിൽ വെള്ളം ഉയർന്നു. ടാക്സിയിലും മറ്റും മിക്ക തൊഴിലാളികളെയും പുറത്തെത്തിച്ച ശേഷമാണ് അഗ്നിരക്ഷാസേനാംഗങ്ങൾ ചൂരൽമലയിലെത്തിയത്. മലമുകളിൽ ഉരുൾപൊട്ടലിനു സമാനമായ വൻശബ്ദം കേട്ടെന്നു തൊഴിലാളികൾ പറയുന്നു. എന്നാൽ, ഉരുൾപൊട്ടലല്ലെന്നും നേരത്തേ പുഴയിലടിഞ്ഞ ഉരുൾ അവശിഷ്ടങ്ങൾ കനത്ത മഴയിൽ ഒലിച്ചുവന്നതാണെന്നുമാണ് ദുരന്തനിവാരണ അതോറിറ്റിയുടെ നിലപാട്. ശക്തമായ മഴ പെയ്തിട്ടും വയനാട്ടിൽ ഇന്നലെ യെലോ അലർട്ടേ ഉണ്ടായിരുന്നുള്ളൂ. ഉച്ചകഴിഞ്ഞു മാത്രമാണ് ഓറഞ്ച് അലർട്ട് പ്രഖ്യാപിച്ചത്.

## പോലീസ് മേധാവി സ്ഥാനത്തേക്കുള്ള ചുരുക്കപട്ടികയായി
### എം.ആർ. അജിത് കുമാറിനെ ഒഴിവാക്കി

തിരുവനന്തപുരം: സംസ്ഥാന പോലീസ് മേധാവി സ്ഥാനത്തേക്കുള്ള മൂന്ന് പേരുടെ പട്ടികയായി. സംസ്ഥാന റോഡ് സേഫ്റ്റി കമ്മീഷണറും മുൻ ബിഎസ്എഫ് മേധാവിയുമായ നിതിൻ അഗർവാൾ, ഐബിയിലെ സ്പെഷൽ ഡയറക്ടർ റവാട ചന്ദ്രശേഖർ, ഫയർഫോഴ്സ് മേധാവി യോഗേഷ് ഗുപ്ത എന്നിവരാണ് യുപിഎസ്സി തയാറാക്കിയ പട്ടികയിലുള്ളത്.

കേന്ദ്ര സർക്കാർ ഇത് രേഖാമൂലം സംസ്ഥാന സർക്കാരിനെ അറിയിക്കും. പ്രത്യേക കാബിനറ്റ് ചേർന്ന് ഈ മാസം 30ന് മുമ്പ് ഇവരിൽ ഒരാളെ സംസ്ഥാന പോലീസ് മേധാവിയായി തെരഞ്ഞെടുക്കും.

അതേസമയം സുരേഷ് രാജ് പുരോഹിത്, എം.ആർ. അജിത് കുമാർ എന്നിവരുടെ പേരും സംസ്ഥാന സർക്കാർ നിർദേശിച്ചിരുന്നു.എം.ആർ.അജിത് കുമാറിനെ പട്ടികയിൽ ഉൾപ്പെടുത്താനായി കേന്ദ്ര സർക്കാരിൽ സംസ്ഥാനം സമ്മർദം ചെലുത്തുകയും ചെയ്തിരുന്നു. എന്നാൽ യുപിഎസ്സി യോഗം ഇവരെ പരിഗണിച്ചില്ല.

## സംസ്ഥാനത്ത് ജൂലൈ എട്ടിന് സ്വകാര്യ ബസ് സമരം

തിരുവനന്തപുരം: സംസ്ഥാനത്തെ സ്വകാര്യബസുകൾ ജൂലൈ എട്ടിന് പണിമുടക്കും. വിദ്യാർഥികളുടെ കൺസഷൻ നിരക്ക് കൂട്ടണമെന്ന് ആവശ്യപ്പെട്ടാണ് സമരം നടത്തുന്നത്. ജൂലൈ 22 മുതൽ അനിശ്ചിതകാല സമരം നടത്തുമെന്നും ബസുടമകൾ അറിയിച്ചു.

## അൻവറിനായുള്ള വാതിൽ അടച്ചു; അത് യുഡിഎഫ് എടുത്ത തീരുമാനമെന്ന് സതീശൻ

തിരുവനന്തപുരം: പി.വി.അൻവറിൻറെ യുഡിഎഫ് പ്രവേശനത്തിനായുള്ള വാതിൽ അടച്ചെന്ന് പ്രതിപക്ഷ നേതാവ് വി.ഡി.സതീശൻ. അത് യുഡിഎഫിൻറെ തീരുമാനമാണെന്ന് സതീശൻ പ്രതികരിച്ചു.

ഇക്കാര്യത്തിൽ തന്നെ എതിർത്ത് നിന്നവരും ഇപ്പോൾ പിന്തുണയ്ക്കുന്നുണ്ട്. ഏതെങ്കിലും കാലത്ത് അൻവറിൻറെ യുഡിഎഫ് പ്രവേശനം ചർച്ചയ്ക്ക് വന്നാൽ അത് മുന്നണിയിൽ ചർച്ച ചെയ്ത് തീരുമാനിക്കും. ഇക്കാര്യത്തിൽ ഓരോരുത്തും പറയുന്നത് അവരുടെ വ്യക്തിപരമായ അഭിപ്രായമാണെന്നും സതീശൻ പറഞ്ഞു.

ഭാരതാംബ വിഷയത്തിൽ മുഖ്യമന്ത്രിയുടെ പ്രതികരണം വൈകിപ്പോയെന്നും സതീശൻ പ്രതികരിച്ചു. മൗനത്തിൻറെ വാത്മീകത്തിൽ ആയിരുന്നു മുഖ്യമന്ത്രി.

ഗവർണറുടെ ഔദ്യോഗിക പരിപാടി ആർഎസ്എസ് പരിപാടിയായി മാറ്ററുത്. ശക്തമായ പ്രതിഷേധം സർക്കാർ അറിയിക്കണമെന്നും സതീശൻ കൂട്ടിച്ചേർത്തു.

## അഹമ്മദാബാദ് വിമാനദുരന്തം: ബ്ലാക്ക് ബോക്സിൽ നിന്ന് വിവരങ്ങൾ ഡൗൺലോഡ് ചെയ്തെന്ന് കേന്ദ്രം

ന്യൂഡൽഹി: അഹമ്മദാബാദിൽ തകർന്നുവീണ എയർ ഇന്ത്യയുടെ ബോയിംഗ് 787-8 ഡ്രീംലൈനർ വിമാനത്തിൻറെ ബ്ലാക്ക് ബോക്സിൽ നിന്നുള്ള വിവരങ്ങൾ ഡൗൺലോഡ് ചെയ്തെന്ന് കേന്ദ്രസർക്കാർ. എയർക്രാഫ്റ്റ് ആക്സിഡൻറ് ഇൻവെസ്റ്റിഗേഷൻ ബ്യൂറോയും നാഷണൽ ട്രാൻസ്പോർട്ട് സേഫ്റ്റി ബോർഡും ചേർന്നാണ് ബ്ലാക്ക് ബോക്സിലെ മെമ്മറി മോഡ്യൂളിലെ വിവരങ്ങൾ എടുത്തത്.

ഈ വിവരങ്ങൾ ദില്ലിയിലെ ലാബിൽ പരിശോധിച്ചുവരികയാണെന്നും സർക്കാർ അറിയിച്ചു. വിമാനത്തിലുണ്ടായിരുന്നു രണ്ട് ബ്ലാക്ക് ബോക്സുകളും കണ്ടെടുത്തിട്ടുണ്ട്. ഇതോടെ, അപകടത്തിൻറെ കാരണം കണ്ടെത്താനാകുമെന്നാണ് കരുതുന്നത്.

ജൂൺ 13ന് വിമാനം പതിച്ച കെട്ടിടത്തിൻറെ മുകളിൽ നിന്നാണ് ആദ്യത്തെ ഭാഗം കണ്ടെടുത്തത്. രണ്ടാമത്തെ ഭാഗം ജൂൺ 16ന് വിമാനത്തിൻറെ അവശിഷ്ടങ്ങൾക്കിടയിൽ നിന്ന് കണ്ടെടുത്തു.

## കപ്പൽനിർമ്മാണ മേഖലയിലെ നൈപുണ്യവികസനവും റിക്രൂട്ട്മെന്റും ദക്ഷിണകൊറിയൻ സംഘം ചർച്ച നടത്തി

തിരുവനന്തപുരം : കപ്പൽനിർമ്മാണം, മരിടൈം മേഖലകളിലേയ്ക്ക് ഇന്ത്യയിൽ നിന്നുള്ള നൈപുണ്യപരവും പ്രൊഫഷണലുമായ പ്രതിഭാവികസന പദ്ധതിയുടെ ഭാഗമായി ദക്ഷിണകൊറിയയിൽ നിന്നുള്ള വിദഗ്ധ ഗവേഷക സംഘം കേന്ദ്ര സംസ്ഥാന പ്രതിനിധികളുമായി കൊച്ചിയിൽ ചർച്ച നടത്തി. കൊറിയ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് ഫോർ വൊക്കേഷണൽ എഡ്യൂക്കേഷൻ ആൻഡ് ട്രെയിനിംഗ് (ഗഞകഢലറ) സീനിയർ റിസർച്ച് ഫെലോ ഡോ. ചിയോൽഹീ കിം, കൊറിയ ഇന്റർനാഷണൽ കോഓപ്പറേഷൻ ഏജൻസി (ഗഛകഉഅ) ഇന്ത്യാ ഡയറക്ടർ മിൻയോങ് ജിയോംഗ്, സൗത്ത് വെസ്റ്റ് മേഖലാ മാനേജർ ജൂഹിയോൻ കിം എന്നിവരുടെ നേതൃത്വത്തിലായിരുന്നു 10 അംഗ കൊറിയൻ പ്രതിനിധിസംഘം.



ഓവർസീസ് ഡെവലപ്മെന്റ് ആൻഡ് എംപ്ലോയ്മെന്റ് പ്രൊമോഷൻ കൺസൾട്ടന്റ്സ് (ഛഉഋജഇ) മാനേജിംഗ് ഡയറക്ടർ സൂഫിയാൻ അഹമ്മദ് കഅട, ഇന്ത്യൻ മാരിടൈം യൂണിവേഴ്സിറ്റി, കൊച്ചി ക്യാംപസ് ഡയറക്ടർ റിയർ അഡ്മിറൽ എസ്.എൻ. ആലമണ്ട ഢടങ (റിട്ടയർഡ്), തിരുവനന്തപുരം, എറണാകുളം പ്രൊട്ടക്ടർ ഓഫ് എമിഗ്രൻസ് മേജർ ശശാങ്ക് ത്രിപാഠി, എം രാമ കൃഷ്ണ, നോർക്ക റൂട്ട്സ് റിക്രൂട്ട്മെന്റ് മാനേജർ പ്രകാശ് പി ജോസഫ് എന്നിവരും ചർച്ചകളിൽ സംബന്ധിച്ചു.

കപ്പൽനിർമ്മാണം, മരിടൈം മേഖലകളിൽ സംസ്ഥാനത്തെ വിവിധ വിദ്യാഭ്യാസ, വ്യവസായ സ്ഥാപനങ്ങളുമായി സഹകരിച്ച് തൊഴിൽ നൈപുണ്യ വികസനം, പ്രൊഫഷണൽ യോഗ്യത എന്നിവയുമായി ബന്ധപ്പെട്ട് സഹകരണം വർധിപ്പിക്കുന്നതിന്റെ ഭാഗമായാണ് ചർച്ച. കൊറിയൻ ഭാഷാ പഠനം, തൊഴിൽ മരിടൈം മേഖലകളിലേയ്ക്കുള്ള തൊഴിൽ റിക്രൂട്ട്മെന്റ് സാധ്യതകളും ചർച്ച ചെയ്തു.



## വിഴിഞ്ഞത്ത് തെരുവുനായ ആക്രമണം; വയോധിക അടക്കം രണ്ട് പേർക്ക് പരിക്ക്

തിരുവനന്തപുരം: വിഴിഞ്ഞം ചൊവ്വരയിൽ തെരുവുനായ ആക്രമണത്തിൽ രണ്ട് പേർക്ക് പരിക്ക്. സൗണ്ട്സ് സിസ്റ്റം കട ഉടമ ഷൈൻ (41), ലീല(75) എന്നിവർക്കാണ് കടിയേറ്റത്. ഇരുവരും പുല്ലുവിള പ്രാഥമികാരോഗ്യകേന്ദ്രത്തിൽ ചികിത്സ തേടി.

ലീലയെ വീട്ടിനുള്ളിൽ കയറിയാണ് നായ ആക്രമിച്ചത്. അടുക്കളയിൽ ജോലി ചെയ്യവെ വീടിനകത്ത് കയറിയ നായ വയോധികയുടെ തുടയിലാണ് കടിച്ചത്.

രാവിലെ കട തുറക്കാനെത്തിയപ്പോഴാണ് ഷൈനിനെ നായ ആക്രമിച്ചത്. ഇയാളുടെ ചെറുവിരലിലും പാദത്തിനടിയിലും ആഴത്തിലുള്ള മുറിവേറ്റു. ഈ നായയെ പിന്നീട് ചത്ത നിലയിൽ കണ്ടെത്തുകയായിരുന്നു.

## ഞാൻ ക്യാപ്റ്റൻ ആണെങ്കിൽ ചെന്നിത്തല മേജറാണ്: സതീശൻ

തിരുവനന്തപുരം: തന്നെ ക്യാപ്റ്റൻ എന്ന് വിളിക്കുന്നതിൽ രമേശ് ചെന്നിത്തലയുടെ പരിഭവം സംബന്ധിച്ചുള്ള മാധ്യമപ്രവർത്തകരുടെ ചോദ്യത്തിന് മറുപടിയുമായി പ്രതിപക്ഷ നേതാവ് വി.ഡി.സതീശൻ. തന്നെ ക്യാപ്റ്റൻ എന്ന് വിശേഷിപ്പിച്ചിട്ടുണ്ടെങ്കിൽ രമേശ് ചെന്നിത്തല മേജറാണെന്ന് സതീശൻ പ്രതികരിച്ചു.

തെരഞ്ഞെടുപ്പ് വിജയം വ്യക്തികേന്ദ്രീകൃതമല്ല. അതിന് പിന്നിൽ ടീം യുഡിഎഫ് ആണെന്നും സതീശൻ പ്രതികരിച്ചു.

താൻ പ്രതിപക്ഷ നേതാവായിരുന്നപ്പോഴും തെരഞ്ഞെടുപ്പുകൾ ജയിച്ചിട്ടുണ്ട്. അന്ന് തന്നെയാരും ക്യാപ്റ്റൻ എന്ന് വിളിച്ചിട്ടില്ലെന്നും ചെന്നിത്തല പറഞ്ഞിരുന്നു.



പൊതുവിദ്യാഭ്യാസ വകുപ്പിന്റെ ലഹരിക്കെതിരായ സ്കൂൾതല കർമ്മ പദ്ധതിയുടെ സംസ്ഥാനതല ഉദ്ഘാടനം മുഖ്യമന്ത്രി പിണറായി വിജയൻ നിർവഹിക്കുന്നു

## ലഹരി ഉപയോഗം തടയാൻ തദ്ദേശ സ്ഥാപനങ്ങളിൽ ഡീഅഡിക്ഷൻ അനോനിമസ് ഗ്രൂപ്പുകൾ വരുന്നു

കോഴിക്കോട്: മദ്യാസക്തിയിൽനിന്നു മോചിതരായവരുടെ കൂട്ടായ്മയായ ആൽക്കഹോളിക് അനോനിമസ് ഗ്രൂപ്പുകൾ പോലെ തദ്ദേശസ്ഥാപനങ്ങളുടെ നേതൃത്വത്തിൽ ബ്ലോക്ക് പഞ്ചായത്ത് തലത്തിൽ ഡീഅഡിക്ഷൻ അനോനിമസ് ഗ്രൂപ്പുകൾ ആരംഭിക്കുന്നു. ഗ്രാമീണ മേഖലയിലെ ചെറുപ്പക്കാരെ മയക്കുമരുന്ന് വരിഞ്ഞുമുറുക്കുന്ന സാഹചര്യത്തിലാണു പുതിയ പദ്ധതിയുമായി തദ്ദേശസ്ഥാപനങ്ങൾ മുന്നോട്ടുവരുന്നത്.

ലഹരിക്കടിമകളായവരെ അതിൽനിന്ന് അകറ്റുന്നതിന് ആൽക്കഹോളിക് അനോനിമസ് ഗ്രൂപ്പുകൾ വലിയ പങ്കാണ് വഹിക്കുന്നത്. ലഹരിയിൽനിന്നു വിമുക്തരായ ആളുകളുടെ പേരുവിവരം പോലും വെളിപ്പെടുത്താതെ അനുഭവങ്ങൾ പങ്കിട്ടും സ്നേഹം പങ്കുവച്ചും ശക്തമായ കൂട്ടായ്മയായി മാറാൻ ഇവർക്കു കഴിഞ്ഞിട്ടുണ്ട്. പരസ്പരം സഹായിച്ചും വിഷമങ്ങൾ കണ്ടറിഞ്ഞ് ചേർത്തുനിർത്തിയും സാമൂഹ്യമാറ്റത്തിൽ ഈ കൂട്ടായ്മകൾ വലിയ പങ്കാണു വഹിക്കുന്നത്. സംസ്ഥാനത്താകെ ഡീഅഡിക്ഷൻ അനോനിമസ് ഗ്രൂപ്പുകൾ ആരംഭിക്കാൻ തദ്ദേശസ്ഥാപന വകുപ്പ് നിർദേശം നൽകിയിട്ടുണ്ട്. ലഹരിക്കെതിരേ സർക്കാർ നടത്തിവരുന്ന പ്രവർത്തനത്തിലെ പ്രധാന ചുവടുവയ്പാണിത്. ഡിസംബർ അവസാനത്തോടെ എല്ലാ ജില്ലകളിലും പരമാവധി ഡീഅഡിക്ഷൻ അനോനിമസ് ഗ്രൂപ്പുകൾ രൂപവത്കരിക്കാനാണു സർക്കാർ നിർദേശം.

## മകൻ അമ്മയെ തീകൊളുത്തി കൊലപ്പെടുത്തി; അയൽവാസിക്കും പൊള്ളലേറ്റു

കാസർഗോഡ്: മഞ്ചേശ്വരത്ത് മകൻ അമ്മയെ തീകൊളുത്തി കൊലപ്പെടുത്തി. വോർക്കാടി സ്വദേശി ഹിൽഡ മൊണ്ടേറ(60) ആണ് മരിച്ചത്. പ്രതി മെൽവിൻ മൊണ്ടേറ ഒളിവിലാണ്.

അയൽക്കാരിയായ ലോലിതയേയും മെൽവിൽ തീകൊളുത്തി. ഇവരെ പൊള്ളലുകളോടെ ആശുപത്രിയിൽ പ്രവേശിപ്പിച്ചിരിക്കുകയാണ്.

ആക്രമണത്തിന് കാരണം എന്താണെന്ന് ഇതുവരെ വ്യക്തമല്ല. സംഭവത്തിൽ പോലീസ് വിശദമായ അന്വേഷണം ആരംഭിച്ചു. യുവാവിനായി തെരച്ചിൽ തുടങ്ങിയതായി പോലീസ് അറിയിച്ചു.

# വിവേകം, സൗഹൃദം, അറിവ് എന്നിവ നശിപ്പിക്കുന്ന മാരക വിപത്താണ് ലഹരി: മുഖ്യമന്ത്രി

### * ലഹരിക്കെതിരായ കർമ പദ്ധതിക്ക് വിദ്യാലയങ്ങളിൽ തുടക്കമായി

വിവേകം, സൗഹൃദം, അറിവ് എന്നിവ നശിപ്പിക്കുന്ന മാരക വിപത്താണ് ലഹരിയെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ പറഞ്ഞു. പൊതുവിഭ്യാഭ്യാസ വകുപ്പിന്റെ നേതൃത്വത്തിൽ നടപ്പിലാക്കുന്ന ലഹരി വിരുദ്ധ കർമ പദ്ധതിയുടെ സംസ്ഥാന തല ഉദ്ഘാടനം തിരുവനന്തപുരം കോട്ടൺഹിൽ ഹയർ സെക്കണ്ടറി സ്കൂളിൽ നിർവഹിക്കുകയായിരുന്നു മുഖ്യമന്ത്രി.

വിവേകത്തോടെ പഠിക്കുന്നതിനും സൗഹൃദങ്ങൾ നിലനിർത്തുന്നതിനുമായാണ് വിദ്യാർത്ഥികൾ സ്കൂളുകളിലേക്ക് എത്തുന്നത്.എന്നാൽ ഇത്തരം കാര്യങ്ങളെയാകെ ഒറ്റയടിക്ക് ഇല്ലാതാക്കാൻ കഴിയുന്ന മഹാവിപത്താണ് ലഹരി. സംസ്ഥാനത്തെ മുഴുവൻ വിദ്യാലയങ്ങളിലും ലഹരിക്കെതിരായി നടപ്പാക്കാനുദ്ദേശിക്കുന്ന കർമ്മ പദ്ധതിക്കാണ് അന്താരാഷ്ട്ര ലഹരി വിരുദ്ധ ദിനത്തിൽ തുടക്കം കുറിക്കുന്നത് കുട്ടികളാകണം ലഹരിക്കെതിരെയുള്ള മുന്നണിപ്പോരാളികളായി മാറേണ്ടത്. കുട്ടികളെ ഇരുട്ടിന്റെ പാതയിലേക്ക് തള്ളി ഇടാനുള്ള ശക്തികൾ തക്കം പാർത്തിരിക്കുന്ന സമയമാണിത്. ലഹരി അടക്കമുള്ള ആപത്തുകളുമായി വിദ്യാർത്ഥികളിലേക്ക് വിവിധ വേഷത്തിൽ രൂപത്തിൽ ഭാവത്തിൽ അവർ എത്തിച്ചേരാൻ ശ്രമിക്കും.ഇത്തരം കാര്യങ്ങളെ ചെറുത്തു തോൽപ്പിക്കേണ്ടത് പൊതു സമൂഹത്തിന്റെയാകെ ആവശ്യമാണ്.

വിദ്യാർത്ഥികളുടെ ശ്രദ്ധയിലില്ലാത്ത നിരവധി ക്രമീകരണങ്ങൾ ലഹരിക്കെതിരായി സംസ്ഥാന സർക്കാർ സജ്ജീകരിച്ചിട്ടുണ്ട്. ഇക്കാര്യങ്ങൾ പങ്കു വെക്കുന്നതിനു കൂടി വേണ്ടിയാണ് കർമ്മ പദ്ധതിക്ക് രൂപം നൽകിയിട്ടുള്ളത്. വിദ്യാലയങ്ങളും പരിസരപ്രദേശങ്ങളും കേന്ദ്രീകരിച്ച് നടക്കുന്ന ലഹരി വ്യാപന പ്രവർത്തനങ്ങൾക്ക് ശക്തമായ പ്രതിരോധം തീർക്കുന്നതിന് പൊതുവിദ്യാഭ്യാസ വകുപ്പ് നിരവധി നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ലഹരിയുടെ ഉപയോഗം, ആസക്തി എന്നിവ തടയുന്നതിന് വേണ്ടിയും ലഹരിവസ്തുക്കൾ എതിരെയുള്ള ബോധവൽക്കരണം, ആരോഗ്യകരമായ ജീവിതശൈലി പരിശീലനം തുടങ്ങിയ നിരവധി പരിപാടികളാണ് വിദ്യാലയങ്ങളിൽ നടത്തിവരുന്നത്. സ്കൂൾതലത്തിൽ നടത്തിവരുന്ന ജാഗ്രതാ പ്രവർത്തനങ്ങൾക്ക് ജനജാഗ്രതാ സമിതി പ്രവർത്തിക്കുന്നതിനുള്ള വിശദമായ മാർഗരേഖ എല്ലാ വിദ്യാലയങ്ങൾക്കും ഇതിനകം നൽകിക്കഴിഞ്ഞു. ബോധവൽക്കരണത്തോടൊപ്പം ലഹരിയിൽ നിന്ന് പിന്തിരിപ്പിക്കുന്നതിനുള്ള സാധ്യതകളും പരമാവധി പ്രയോജനപ്പെടുത്തുന്നതിനുള്ള ചുമതല അധ്യാപകർക്കാണുള്ളത്. ഇതിനായി അധ്യാപകർക്ക് പ്രത്യേക പരിശീലന പരിപാടിയും നൽകിവരുന്നു.ലഹരി ഉപയോഗം ശ്രദ്ധയിൽപ്പെട്ടാൽ എക്സൈസ് വകുപ്പ് നൽകുന്ന നമ്പറിൽ വിവരം അറിയിക്കാം. കൗൺസിലിങ് അടക്കമുള്ള സൗകര്യങ്ങൾ എക്സൈസ് വകുപ്പ് ലഭ്യമാക്കുന്നതാണ്. കുട്ടികൾ ലഹരിയുടെ കെണിയിൽ വീഴാതെ നോക്കുന്നതിൽ രക്ഷിതാക്കൾക്ക് വലിയ പങ്കാണ് വഹിക്കാനുള്ളത്. കുട്ടികളോടൊപ്പം കൂടുതൽ സമയം ചെലവഴിക്കാനും ആരോഗ്യകരമായി സംവദിക്കുന്നതിനും അവരുടെ മാറ്റങ്ങൾ നിരീക്ഷിക്കുന്നതിനും രക്ഷിതാക്കൾ ജാഗ്രത പുലർത്തണം.ഇതിന് എല്ലാ രക്ഷിതാക്കളും ഒരേപോലെ പ്രാപ്തരാകണമെന്നില്ല എന്നതിനാൽ രക്ഷിതാക്കൾക്കായി പ്രത്യേക പരിശീലനം നൽകും. ദൂഷ്യവശങ്ങളെക്കുറിച്ച് ശരിയായ ബോധ്യം ഉണ്ടാകുന്നതിനും മനസ്സിലാക്കുന്നതിനും പാഠ്യപദ്ധതിയിൽ കൗമാര വിദ്യാഭ്യാസത്തിന് സംസ്ഥാന ഗവൺമെന്റ് പ്രത്യേക ഊന്നൽ നൽകുന്നു. ആരോഗ്യകരമായ ജീവിതശൈലി പുലർത്തുന്നതിനായി എസ് സി ഇ ആർ ടി പ്രത്യേക പുസ്തകവും തയ്യാറാക്കി.

ലഹരിയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ നിരീക്ഷിക്കുന്നതിന് പ്രഹരി ക്ലബ് രൂപീകരിച്ചിട്ടുണ്ട്. തെരഞ്ഞെടുക്കപ്പെട്ട സ്കൂളുകളിൽ 30 മുതൽ 50 വരെയുള്ള വിദ്യാർത്ഥികളെ ഉൾപ്പെടുത്തിയിട്ടുള്ള ജാഗ്രത ബ്രിഗേഡ് ലഹരിക്കെതിരായ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നുണ്ട്. മയക്കുമരുന്നിനെതിരായി കമ്യൂണിറ്റി സംവാദങ്ങൾക്കായി വർജ്യ പാർലമെന്റ് സംഘടിപ്പിക്കുന്നു. ഇവിടെ ലഭിക്കുന്ന പരാതികൾ ആഴ്ചയിലൊരിക്കൽ പ്രധാന അധ്യാപകരുടെ നേതൃത്വത്തിൽ പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കും. ഈ വർഷത്തെ കർമപദ്ധതി അന്താരാഷ്ട്ര ലഹരി വിരുദ്ധ ദിനത്തിൽ ആരംഭിച്ച് 2026 ജനുവരി 30 ന് അവസാനിക്കുന്ന വിധമാണ് പൊതുവിദ്യാഭ്യാസ വകുപ്പ് രൂപം നൽകിയിരിക്കുന്നത്. അധ്യാപകരോടും രക്ഷിതാക്കളോടും വിദ്യാർത്ഥികളോടൊപ്പം പൊതുസമൂഹവും ഈ കർമ്മ പദ്ധതിയിൽ പങ്കാളികളാകണമെന്ന് അഭ്യർഥിക്കുന്നതായും മുഖ്യമന്ത്രി പറഞ്ഞു.

പൊതുവിദ്യാഭ്യാസ വകുപ്പ് മന്ത്രി വി ശിവൻകുട്ടിയുടെ അധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ എക്സൈസ് വകുപ്പ് മന്ത്രി എം.ബി. രാജേഷ്, ആന്റണി രാജു എം എൽ എ, വാർഡ് കൗൺസിലർ രാഖി രവികുമാർ, പൊതുവിദ്യാഭ്യാസ സെക്രട്ടറി ഡോ. കെ വാസുകി, ജനപ്രതിനിധികൾ, ഉദ്യോഗസ്ഥർ, വിദ്യാർത്ഥികൾ തുടങ്ങിയവർ പങ്കെടുത്തു.

## സിപിഎം സംസ്ഥാന സമിതിയോഗം; നിലമ്പൂരിലെ തോൽവി വിശദമായി പരിശോധിക്കും

തിരുവനന്തപുരം: നിലമ്പൂരിലെ ഉപതെരഞ്ഞെടുപ്പു തോൽവി വിശദമായി പരിശോധിക്കാൻ സിപിഎം സംസ്ഥാന സമിതി യോഗം വ്യാഴാഴ്ച ചേരും. ബുധനാഴ്ച ചേർന്ന സിപിഎം സംസ്ഥാന സെക്രട്ടേറിയറ്റ് തോൽവിയെ സംബന്ധിച്ചു വിശദമായി ചർച്ച ചെയ്തില്ല.

എന്നാൽ പാർട്ടിയുടെ ശക്തികേന്ദ്രങ്ങളായ പഞ്ചായത്തുകളിൽ എം.സ്വരാജ് പിന്നിൽ പോയതു വിശദമായി പരിശോധിക്കും. ഇക്കാര്യത്തിൽ മലപ്പുറം ജില്ലാ കമ്മിറ്റി യോഗം ചേർന്നു ഇതു സംബന്ധിച്ചു ചർച്ച ചെയ്യും.

ഇതിനുശേഷമാകും മറ്റു തീരുമാനങ്ങൾ കൈക്കൊള്ളുക. എം.സ്വരാജിനെ സ്ഥാനാർഥിയാക്കിയതിലൂടെ മണ്ഡലത്തിൽ രാഷ്ട്രീയ പോരാട്ടം നടത്താനായെന്നും സെക്രട്ടേറിയറ്റ് യോഗം വിലയിരുത്തി.

## അടിയന്തരാവസ്ഥയിൽനിന്നു ഭാരതത്തെ രക്ഷിച്ചത് പശുബെൽറ്റിലെ ജനങ്ങൾ: പി.എസ്. ശ്രീധരൻ പിള്ള

കാസർഗോഡ്: അടിയന്തരാവസ്ഥയ്ക്കെതിരെ ബാലറ്റിലൂടെ വിധിയെഴുതി നഷ്ടമായ സ്വാതന്ത്ര്യം വീണ്ടെടുത്തതിനും ജനാധിപത്യം സംരക്ഷിച്ചതിനും രാഷ്ട്രം കടപ്പെട്ടിരിക്കുന്നത് പശുബെൽറ്റ് എന്നറിയപ്പെടുന്ന 10 സംസ്ഥാനങ്ങളിലെ നിരക്ഷരരായ ജനങ്ങളോടാണെന്ന് ഗോവ ഗവർണർ പി.എസ്. ശ്രീധരൻ പിള്ള.

1975 അടിയന്തരാവസ്ഥ ജനാധിപത്യ സംരക്ഷണ പോരാട്ട സ്മൃതി സമിതി കാസർഗോഡ് മുനിസിപ്പൽ ടൗൺ ഹാളിൽ സംഘടിപ്പിച്ച സ്മൃതിസംഗമം പരിപാടി ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.

സമ്പൂർണസാക്ഷരരെന്ന് അഭിമാനിക്കുന്ന കേരളം 20 സീറ്റുകളിലും കോൺഗ്രസ് സ്ഥാനാർഥികളെ വിജയിപ്പിച്ചപ്പോൾ കേവലം രണ്ടു കോൺഗ്രസ് സ്ഥാനാർഥികളാണ് ഈ 10 സംസ്ഥാനങ്ങളിൽനിന്നു വിജയിച്ചത്.

ജനതാപാർട്ടി അന്ന് അധികാരത്തിലെത്തിയിരുന്നില്ലെങ്കിൽ ഭാരതത്തിൻറെ രാഷ്ട്രീയ ചിത്രംതന്നെ മാറുമായിരുന്നു.

കേരളത്തിലെ കോൺഗ്രസും സിപിഎമ്മും രാഷ്ട്രീയ സംഘത്തിനോട് അനുഭാവം പുലർത്തിയിരുന്ന ജനസംഘത്തിൻറെ പിന്തുണ സ്വീകരിച്ചിട്ടുണ്ട്.

ജനാധിപത്യത്തിൽ രാജ്യദ്രോഹികളുമായി ഒഴികെ വേറെ ഏതു രാഷ്ട്രീയ സംഘടനകളും പരസ്പരം സഹകരിക്കുന്നതിൽ തെറ്റില്ല. അടിയന്തരാവസ്ഥയിൽ ആർഎസ്എസിൻറെ പങ്ക് തള്ളിക്കളഞ്ഞ മുഖ്യമന്ത്രി പിണറായി വിജയന് സ്മൃതിനാശമോ വിഷാദരോഗമോ ബാധിച്ചിട്ടുണ്ടോ എന്നു സംശയിക്കണമെന്നും ശ്രീധരൻ പിള്ള കൂട്ടിച്ചേർത്തു.

## ജാമ്യം ലഭിച്ചിട്ടും പ്രതിയെ മോചിപ്പിച്ചില്ല: അഞ്ചു ലക്ഷം രൂപ നഷ്ടപരിഹാരം നൽകണമെന്നു സുപ്രീംകോടതി

ന്യൂഡൽഹി: കോടതി ജാമ്യം അനുവദിച്ചിട്ടും ജയിലിൽനിന്നു മോചിപ്പിക്കാത്തതിനെത്തുടർന്ന് അഞ്ചു ലക്ഷം രൂപ പ്രതിക്കു നഷ്ടപരിഹാരമായി നൽകാൻ ഉത്തർപ്രദേശ് സർക്കാരിനോടു നിർദേശിച്ച് സുപ്രീംകോടതി.

ഉദ്യോഗസ്ഥരുടെ ഭാഗത്തുനിന്നുണ്ടായ ക്ലറിക്കൽ വീഴ്ചയുടെ ഭാഗമായി 28 ദിവസം പ്രതിയുടെ മോചനം വൈകി. ഇത്തരം പിശകുകളുടെ പേരിൽ ഒരാളുടെ വ്യക്തിസ്വാതന്ത്ര്യം നിഷേധിക്കാനാകില്ലെന്നു ചൂണ്ടിക്കാട്ടി ജസ്റ്റീസുമാരായ കെ.വി. വിശ്വനാഥൻ, എൻ.കെ. സിംഗ് എന്നിവരടങ്ങിയ ബെഞ്ചാണു നഷ്ടപരിഹാരം നൽകാൻ നിർദേശിച്ചത്.

ഉത്തർപ്രദേശിലെ മതപരിവർത്തന നിരോധന നിയമപ്രകാരം അറസ്റ്റിലായ പ്രതിക്കാണു ജാമ്യ ഉത്തരവിലെ ഉപവകുപ്പുകൾ പരാമർശിച്ചിട്ടില്ലെന്നു ചൂണ്ടിക്കാട്ടി മോചനം വൈകിപ്പിച്ചത്. തുടർന്ന് വിഷയം സുപ്രീംകോടതി നിരീക്ഷിക്കുന്നുണ്ടെന്നു മനസിലാക്കിയ അധികൃതർ രണ്ടു ദിവസം മുന്പ് പ്രതിയെ വിട്ടയച്ചു. എന്നാൽ അധികൃതരുടെ ഭാഗത്ത് ഗുരുതര വീഴ്ച സംഭവിച്ചെന്നു കണ്ടെത്തിയ കോടതി നടപടിയിലേക്ക് കടക്കുകയായിരുന്നു.

കോടതി ഉത്തരവിട്ടിട്ടും അതു നടപ്പാക്കാതെ അവഗണിക്കുന്നത് ഗുരുതര കർത്തവ്യ ലംഘനമാണെന്ന് വിഷയം പരിഗണിക്കവെ ബെഞ്ച് നിരീക്ഷിച്ചു. കോടതി ഉത്തരവുകൾ അവഗണിച്ച് ആളുകളെ ജയിലിൽ അടയ്ക്കുന്ന ഉത്തർപ്രദേശ് പോലീസിൻറെ നടപടിയിൽ ആശങ്ക പ്രകടിപ്പിച്ച കോടതി സാധാരണക്കാരുടെ മൗലികാവകാശം ലംഘിക്കുന്ന പോലീസിനുനേരേ രൂക്ഷ വിമർശനവും ഉന്നയിച്ചു.

ഉദ്യോഗസ്ഥരുടെ നിക്ഷിപ്ത താത്പര്യപ്രകാരം ജാമ്യം അനുവദിച്ചിട്ടും ആരെങ്കിലും ജയിലിൽ കഴിയുന്നുണ്ടോയെന്നറിയാൻ സംസ്ഥാനത്തുടനീളം സമഗ്ര അന്വേഷണം നടത്താൻ ഉത്തർപ്രദേശ് പോലീസ് മേധാവിയോട് കോടതി നിർദേശിച്ചു.

## മഞ്ഞുമ്മൽ ബോയ്സ്: നിർമാതാക്കളുടെ മുൻകൂർ ജാമ്യാപേക്ഷ ഇന്നു വീണ്ടും ഹൈക്കോടതിയിൽ

കൊച്ചി: നടൻ സൗബിൻ ഷാഹിർ അടക്കമുള്ള 'മഞ്ഞുമ്മൽ ബോയ്സ്' സിനിമാ നിർമാതാക്കൾ നൽകിയ മുൻകൂർ ജാമ്യാപേക്ഷ ഹൈക്കോടതി ഇന്ന് വീണ്ടും പരിഗണിക്കും. പറവ ഫിലിംസിൻറെ ബാനറിൽ നിർമിച്ച ചിത്രത്തിൻറെ മറവിൽ പ്രതികൾ സാമ്പത്തിക തട്ടിപ്പ് നടത്തിയെന്നാണ് കേസ്. സൗബിൻ ഷാഹിർ, പിതാവ് ബാബു ഷാഹിർ, ഷോൺ ആൻറണി തുടങ്ങിയവരാണ് പ്രതികൾ. സാമ്പത്തിക ലാഭം വാഗ്ദാനം ചെയ്ത് പണം വാങ്ങിയെന്നും എന്നാൽ ലാഭ വിഹിതം നൽകിയില്ലെന്നുമാണ് കേസിലെ പരാതിക്കാനായ സിറാജ് വലിയതുറയുടെ ആരോപണം.

അതേസമയം, സിനിമയുടെ നിർമ്മാതാക്കൾ സാമ്പത്തിക തട്ടിപ്പ് നടത്തിയെന്ന് പ്രഥമദൃഷ്ട്യ ബോധ്യമാണെന്നാണ് കേസ് അന്വേഷിക്കുന്ന മരട് പോലീസ് കഴിഞ്ഞ ദിവസം ഹൈക്കോടതിയെ അറിയിച്ചത്. സൗബിൻ അടക്കമുള്ള പ്രതികൾക്ക് മുൻകൂർ ജാമ്യം നൽകരുതെന്നാണ് പോലീസ് നൽകിയ സത്യവാങ്മൂലത്തിൽ പറയുന്നത്. 'മഞ്ഞുമ്മൽ ബോയ്സ്' ലാഭ വിഹിതത്തിൽനിന്ന് 40 ശതമാനം വാഗ്ദാനം ചെയ്താണ് മരട് പോലീസ് രജിസ്റ്റർ ചെയ്ത കേസിലെ പരാതിക്കാരനായ സിറാജ് വലിയതുറയിൽ നിന്ന് കരാറടിസ്ഥാനത്തിൽ ഏഴ് കോടി രൂപ വാങ്ങിയത്. 2022 ഫെബ്രുവരി 22ന് റിലീസായ സിനിമ 286 കോടി രൂപയോളം കളക്ഷൻ നേടിയിട്ടും ഇക്കാര്യം പരാതിക്കാരനിൽ നിന്ന് മറച്ചുവെച്ചു.

കരാർ പ്രകാരം സിറാജിന് 2022 നവംബർ 30 ന് 47 കോടി രൂപ നൽകേണ്ടതായിരുന്നു. 22 കോടി രൂപ സിനിമയുടെ നിർമാണത്തിന് ചെലവായെന്നാണ് അവകാശപ്പെടുന്നതെങ്കിലും 18.5 കോടി രൂപ മാത്രമാണ് ചെലവായതെന്നാണ് മനസിലായതെന്ന് മരട് പോലീസ് ഇൻസ്പെക്ടർ ആർ. രാജേഷ് സമർപ്പിച്ച വിശദീകരണത്തിൽ പറയുന്നു. പോലീസിൻറെ നോട്ടീസ് പോലും ഹരജിക്കാർ കൈപ്പറ്റാൻ തയാറായില്ല. ഹർജിക്കാരെ കസ്റ്റഡിയിൽ ചോദ്യം ചെയ്യേണ്ടതുണ്ടെന്നും അതിനാൽ മുൻകൂർ ജാമ്യം അനുവദിക്കരുതെന്നും പോലീസ് കോടതിയെ അറിയിച്ചിരുന്നു.

## കണ്ണൂരിൽ മയക്കു മരുന്ന് വേട്ട: യുവതിയടക്കം രണ്ട് പേർ അറസ്റ്റിൽ

കണ്ണൂർ: ജില്ലയിൽ വൻ മയക്കുമരുന്ന് വേട്ട. 184.43 ഗ്രാം മെത്തഫിറ്റാമിനും 89.423 ഗ്രാം എംഡിഎംഎയും 12.446 ഗ്രാം ഹാഷിഷ് ഓയിലുമായി യുവതിയടക്കം രണ്ടു പേർ അറസ്റ്റിൽ. കരിപ്പാൽ പണ്ടികശാല സ്വദേശി പി. മുഹമ്മദ് മഷൂദ് (29), അഴീക്കോട് സ്വദേശി ഇ. സ്നേഹ എന്നിവരെയാണ് എക്സൈസ് എൻഫോഴ്സ്മെൻറ് ആൻഡ് ആൻറി നർകോട്ടിക് സ്പെഷൽ സ്ക്വാഡ് പിടികൂടിയത്.

കണ്ണൂർ കുറുവക്ക് സമീപമുള്ള സ്വകാര്യ ടൂറിസ്റ്റ് ഹോമിലും വാഹനത്തിലും അഴീക്കോട് ഭാഗത്തെ വീട്ടിലും നടത്തിയ പരിശോധനയിലാണ് വില്പനയ്ക്കായി സൂക്ഷിച്ച മയക്കുമരുന്നുകൾ പിടികൂടിയത്. എക്സൈസ് കമ്മീഷണർ സ്ക്വാഡിന് ലഭിച്ച രഹസ്യ വിവരത്തിൻറെ അടിസ്ഥാനത്തിലാണ് പരിശോധന നടത്തിയത്.

തിങ്കളാഴ്ച രാത്രി കുറുവ ബീച്ചിന് അടുത്തുള്ള സ്വകാര്യ ടൂറിസ്റ്റ് റിസോർട്ടിൽ നടത്തിയ പരിശോധനയിൽ 4.8 ഗ്രാം മെത്താഫിറ്റമിനാണ് പിടിച്ചെടുത്തത്. തുടർന്ന് ഇരുവരുടെയും വാഹനമായ കെഎൽ 13 എആർ 6657 സ്കൂട്ടർ പരിശോധിച്ചപ്പോൾ 12.446 ഗ്രാം ഹാഷിഷ് ഓയിലും പിടികൂടി.

പ്രതികളുടെ മൊഴിയുടെ അടിസ്ഥാനത്തിൽ അഴീക്കോട് ഭാഗത്തുള്ള യുവതിയുടെ വീട്ടിൽ പരിശോധന നടത്തിയപ്പോൾ 184.43 ഗ്രാം മെത്താഫിറ്റമിനും 89.423 ഗ്രാം എംഡിഎംഎയും പിടിച്ചെടുത്തു. കണ്ണൂർ ജില്ലയിൽ മയക്കുമരുന്ന് വില്പന നടത്തുന്ന സംഘത്തിലെ പ്രധാനികളാണ് അറസ്റ്റിലായ പ്രതികളെന്ന് എക്സൈസ് സംഘം പറഞ്ഞു.

മുമ്പും മയക്കു മരുന്നുകേസുകളിൽ ഉൾപ്പെട്ടവരാണ് ഇരുവരും. കഴിഞ്ഞ വർഷം കണ്ണൂർ താളികാവ് ഭാഗത്തു വച്ച് 207 ഗ്രാം മെത്താഫിറ്റമിൻ കൈവശംവച്ച കേസിൽ ഒന്നാം പ്രതി മഷൂദ് ഒരു മാസം മുമ്പാണ് ജാമ്യത്തിൽ ഇറങ്ങിയത്.

പ്രതികൾ ജില്ലയുടെ പലഭാഗത്തും രാസ ലഹരികൾ വില്പന നടത്തുന്നുണ്ടെന്ന വിവരത്തിൻറെ അടിസ്ഥാനത്തിൽ എക്സൈസിൻറെ നിരീക്ഷണത്തിലായിരുന്നു. പ്രതികളെ കണ്ടുപിടിക്കുന്നതിന് എടിഎസ് കേരളയുടെ സഹായം ലഭിച്ചിട്ടുണ്ടെന്ന് എക്സൈസ് ഉദ്യോഗസ്ഥർ പറഞ്ഞു. പ്രതികളെ കോടതിയിൽ ഹാജരാക്കി റിമാൻഡ് ചെയ്തു.

## എസ്എഫ്ഐ അഖിലേന്ത്യാ സമ്മേളനത്തിന് ഇന്ന് പതാകയുയരും

കോഴിക്കോട്: എസ്എഫ്ഐ അഖിലേന്ത്യാ സമ്മേളനത്തിന് ഇന്നു പതാകയുയരും. സ്വാഗതസംഘം ചെയർമാൻകൂടിയായ മന്ത്രി പി.എ.മുഹമ്മദ് റിയാസ് വൈകുന്നേരം അഞ്ചരയ്ക്ക് പൊതുസമ്മേളന നഗരിയായ കോഴിക്കോട് കടപ്പുറത്തെ കെ.വി. സുധീഷ് നഗറിൽ പതാക ഉയർത്തും.

വെള്ളിയാഴ്ച മുതൽ നാലു ദിവസം കടപ്പുറത്തിനടുത്ത് ആസ്പിൻവാൾ കോർട്ട് യാർഡിലാണ് പ്രതിനിധി സമ്മേളനം.

# തുരങ്ക പദ്ധതികൾക്കായി അടുത്ത പത്തു വർഷത്തിനുള്ളിൽ 2.5 ലക്ഷം മുതൽ 3 ലക്ഷം കോടി രൂപ വരെ ചെലവഴിക്കും

പൂനെ: അടുത്ത 10 വർഷത്തിനുള്ളിൽ 2.5 മുതൽ 3 ലക്ഷം കോടി രൂപ വരെ ചെലവ് വരുന്ന തുരങ്കങ്ങൾ നിർമ്മിക്കാൻ പദ്ധതിയിടുന്നുണ്ടെന്ന് കേന്ദ്ര റോഡ് ഗതാഗത, ഹൈവേ മന്ത്രി നിതിൻ ഗഡ്കരി പറഞ്ഞു.

എംഐടി-വേൾഡ് പീസ് യൂണിവേഴ്സിറ്റി ഇന്റർനാഷണൽ ടണലിംഗ് ആൻഡ് അണ്ടർഗ്രൗണ്ട് സ്പേസ് അസോസിയേഷന്റെ കമ്മിറ്റി ഓൺ എഡ്യൂക്കേഷൻ ആൻഡ് ട്രെയിനിംഗ് (ഐടിഎ-സിഇടി) യുമായി സഹകരിച്ച് സംഘടിപ്പിച്ച ദ്വിദിന അന്താരാഷ്ട്ര വർക്ക്ഷോപ്പ് ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു കേന്ദ്രമന്ത്രി.

'ഇന്ത്യ അടിസ്ഥാന സൗകര്യ വികസനത്തിന്റെ ഒരു സുവർണ്ണ കാലഘട്ടത്തിലേക്ക് കടക്കുകയാണ്, കണക്റ്റിവിറ്റി, സുരക്ഷ, സുസ്ഥിരത എന്നിവയിൽ തുരങ്കങ്ങൾ നിർണായക പങ്ക് വഹിക്കുന്നു. അടുത്ത 10 വർഷത്തിനുള്ളിൽ, 2.5 മുതൽ 3 ലക്ഷം കോടി രൂപ വരെയുള്ള തുരങ്ക പദ്ധതികൾ നിർമ്മിക്കാൻ ഞങ്ങൾ പദ്ധതിയിടുന്നു. ഇത് യാഥാർത്ഥ്യമാക്കുന്നതിന്, ഗുണനിലവാരത്തിൽ വിട്ടുവീഴ്ച ചെയ്യാതെ നിർമ്മാണ ചെലവ് കുറയ്ക്കണം.അതായത് പുതിയ സാങ്കേതികവിദ്യകളും സിഎൻജി, എതനോൾ, ഹൈഡ്രജൻ, ഡീസലിന് പകരം വൈദ്യുത ബദലുകൾ തുടങ്ങിയ സുസ്ഥിര ഇന്ധനങ്ങളും ഉപയോഗിക്കുക. പഴയ ടണലിംഗ് മെഷീനുകൾ പുതുക്കുകയും, ഓസ്ട്രിയ, നോർവേ, സ്പെയിൻ തുടങ്ങിയ യൂറോപ്യൻ രാജ്യങ്ങളിൽ നിന്ന് ഉപയോഗിച്ചവ ഇറക്കുമതി ചെയ്യുകയും, ഒടുവിൽ സ്വന്തമായി നിർമ്മിക്കുകയും വേണം,' ഗഡ്കരി പറഞ്ഞു.

"ഇന്ത്യയുടെ ഭൂമിശാസ്ത്രം പ്രദേശത്തിനനുസരിച്ച് വ്യത്യാസപ്പെട്ടിരിക്കുന്നു. അതിനാൽ ഗവേഷണവും പരിശീലനവും അത്യാവശ്യമാണ്. വ്യവസായ വിദഗ്ധരും പരിചയസമ്പന്നരായ എഞ്ചിനീയർമാരും ഫാക്കൽറ്റിക്കൊപ്പം വിദ്യാർത്ഥികളെയും നയിക്കണം. ഉപകരണങ്ങളും പരിശീലനവും നൽകാൻ മന്ത്രാലയം തയ്യാറാണ്. നവീകരണം, ഗവേഷണം, പ്രതിബദ്ധത എന്നിവ ഉപയോഗിച്ച്, തുരങ്ക നിർമ്മാണ സാങ്കേതികവിദ്യയിലും അടിസ്ഥാന സൗകര്യ വികസനത്തിലും നമുക്ക് ഇന്ത്യയെ സ്വയംപര്യാപ്തമാക്കാൻ കഴിയും" അദ്ദേഹം കൂട്ടിച്ചേർത്തു.

ഇന്ത്യ, യൂറോപ്പ്, യുകെ, യുഎസ് എന്നിവിടങ്ങളിൽ നിന്നുള്ള ആഗോള വിദഗ്ധർ പരിപാടിയിൽ പങ്കെടുക്കുന്നുണ്ട്. ഇന്റർനാഷണൽ ടണലിംഗ് അസോസിയേഷൻ മുൻ പ്രസിഡന്റ് ആർനോൾഡ് ഡിക്സിനെ പോലുള്ള ഈ മേഖലയിലെ പ്രമുഖ വിദഗ്ധരും നയിച്ച സാങ്കേതിക സെഷനുകൾ, മുഖ്യ പ്രഭാഷണങ്ങൾ, പാനൽ ചർച്ചകൾ എന്നിവ വർക്ക്ഷോപ്പിൽ ഉണ്ടായിരുന്നു.

എംഐടി-ഡബ്ല്യുപിയുവിൽ ടണലിംഗ് ആൻഡ് അണ്ടർഗ്രൗണ്ട് കൺസ്ട്രക്ഷൻ സെന്റർ ഓഫ് എക്സലൻസിന്റെ ഉദ്ഘാടനമായിരുന്നു പരിപാടിയുടെ ഒരു പ്രധാന ആകർഷണം.

എംഐ ടി-ഡബ്ള്യൂപിയു സ്ഥാപകനായ ഡോ. വിശ്വനാഥ് കരാഡ്, എംഐടി-ഡബ്ല്യുപിയുവിന്റെ എക്സിക്യൂട്ടീവ് പ്രസിഡന്റ് ഡോ. രാഹുൽ കരാഡ് എന്നിവരും ചടങ്ങിൽ സംസാരിച്ചു.

# രാജ്യത്തു നിലവിൽ അപ്രഖ്യാപിത അടിയന്തരാവസ്ഥ നിലനിൽക്കുന്നു: ഖാർഗെ

ന്യൂഡൽഹി: അടിയന്തരാവസ്ഥയുടെ 50-ാം വാർഷികദിനത്തിൽ രാജ്യമെങ്ങും 'ഭരണഘടനാ ഹത്യാ ദിവസം' ആചരിക്കാനുള്ള മോദിസർക്കാരിൻറെ ആഹ്വാനത്തെ പരിഹസിച്ചു കോൺഗ്രസധ്യക്ഷൻ മല്ലികാർജുൻ ഖാർഗെ.

ഭരണപരാജയം മറച്ചുവയ്ക്കാൻ ബിജെപി സർക്കാർ അടിയന്തരാവസ്ഥയെ ഉപയോഗിച്ചു നാടകം കളിക്കുകയാണെന്ന് ഖാർഗെ ആരോപിച്ചു. സഹിഷ്ണുതയില്ലാത്ത ഈ സർക്കാർ സാഹോദര്യമോ വ്യക്തിസ്വാതന്ത്ര്യമോ വളരാൻ അനുവദിക്കുന്നില്ലെന്നും അങ്ങനെയുള്ളവർക്ക് മറ്റുള്ളവരെ ഉപദേശിക്കാൻ അവകാശമില്ലെന്നും ഖാർഗെ ചൂണ്ടിക്കാട്ടി.

രാജ്യത്തു നിലവിൽ അപ്രഖ്യാപിത അടിയന്തരാവസ്ഥ നിലനിൽക്കുന്നുണ്ട്. മണിപ്പൂരിൽ ഭരണഘടനാ പ്രതിസന്ധിയുണ്ടായിട്ടും രാഷ്ട്രപതിഭരണമുണ്ടായിട്ടും രാജ്യത്തെ പ്രധാനമന്ത്രി ഒരിക്കൽപ്പോലും അവിടം സന്ദർശിച്ചിട്ടില്ല.

രാജ്യത്ത് എവിടെയാണിപ്പോൾ ആവിഷ്കാര സ്വാതന്ത്ര്യം കാണാൻ കഴിയുക. സർക്കാരിനെതിരേ എഴുതുകയും ചോദ്യങ്ങളുന്നയിക്കുകയും ചെയ്യുന്നവരെ അവർ തടവറകളിലിടുന്നു. ബിജെപി സംഘടിപ്പിക്കുന്ന പത്രസമ്മേളനങ്ങളിൽ തെരഞ്ഞെടുക്കപ്പെട്ട മാധ്യമപ്രവർത്തകരിൽനിന്നു തെരഞ്ഞെടുക്കപ്പെട്ട ചോദ്യങ്ങളാണുണ്ടാകുന്നത്.

ബിജെപിയെ എതിർക്കുന്നവരെ ദേശദ്രോഹികളാക്കുന്നു. രാജ്യത്തിൻറെ ഫെഡറൽ തത്വങ്ങൾക്ക് യാതൊരു ബഹുമാനവും നൽകാതെ ബിജെപി ഭരിക്കുന്ന സംസ്ഥാനങ്ങളെ ഒരു കണ്ണുകൊണ്ടും മറ്റു സംസ്ഥാനങ്ങളെ മറ്റൊരു കണ്ണുകൊണ്ടുമാണ് സർക്കാർ കാണുന്നത്.

തൻറെ രാഷ്ട്രീയജീവിതത്തിൽ ഒരിക്കൽപ്പോലും ഗവർണർമാർ സംസ്ഥാനങ്ങൾ പാസാക്കുന്ന ബില്ലുകൾ തടഞ്ഞുവച്ചിട്ടില്ലെന്നും എന്നാൽ ഇന്ന് അങ്ങനെ സംഭവിക്കുകയാണെന്നും കോൺഗ്രസ് അധ്യക്ഷൻ കൂട്ടിച്ചേർത്തു. അടിയന്തരാവസ്ഥയ്ക്കുശേഷവും ജനങ്ങൾ ഇന്ദിരയോടൊപ്പം നിലകൊണ്ടിരുന്നുവെന്നും അതാണ് 1980ലെ തെരഞ്ഞെടുപ്പിൽ പ്രതിഫലിച്ചതെന്നും ഖാർഗെ പറഞ്ഞു. ജനങ്ങൾ ഇന്ദിരയ്ക്ക് മാപ്പ് നൽകിയെന്നും അതിനാലാണു കോൺഗ്രസ് മൂന്നിൽ രണ്ടു ഭൂരിപക്ഷത്തിനടുത്ത് സീറ്റുകളിൽ വിജയിച്ചു അധികാരത്തിലെത്തിയതെന്നും ഖാർഗെ വ്യക്തമാക്കി.

രാജ്യത്തിൻറെ സ്വാതന്ത്ര്യത്തിലും ഭരണഘടനാ നിർമാണത്തിലും കോൺഗ്രസ് അംഗങ്ങൾ വലിയൊരു പങ്ക് വഹിച്ചു. എന്നാൽ ഇവയിൽ യാതൊരു പങ്കും വഹിക്കാതെ ഭരണഘടനയിൽ തങ്ങളുടെ പരന്പരാഗത മൂല്യങ്ങൾ കാണാൻ കഴിയുന്നില്ലെന്നു കുറ്റപ്പെടുത്തി രാംലീല മൈതാനത്തിൽ അംബേദ്കർ, നെഹ്റു, ഗാന്ധിജി എന്നിവരുടെ ചിത്രങ്ങളും ഭരണഘടനയും കത്തിച്ചുകളഞ്ഞവരാണ് ഇന്ന് ഭരണഘടനാസംരക്ഷകരെന്ന് അവകാശപ്പെടുന്നതെന്നും ഖാർഗെ വിമർശിച്ചു.

# 'ബോധ പൂർണ്ണിമ' ലഹരി ഉപയോഗത്തിനെതിരെ കർമ്മപദ്ധതി: സംസ്ഥാനതല ഉദ്ഘാടനം മന്ത്രി ഡോ. ആർ. ബിന്ദു നിർവ്വഹിച്ചു

ലഹരിവിരുദ്ധ ബോധവത്കരണത്തിന്റെ ഭാഗമായി ഉന്നതവിദ്യാഭ്യാസ വകുപ്പിന്റെ ആഭിമുഖ്യത്തിൽ സംഘടിപ്പിച്ച 'ബോധ പൂർണ്ണിമ' – ലഹരി ഉപയോഗത്തിനെതിരായ കർമ്മപദ്ധതി – സംസ്ഥാനതല ഉദ്ഘാടനം ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി ഡോ. ആർ.ബിന്ദു നിർവ്വഹിച്ചു.

തിരുവനന്തപുരം സർക്കാർ വിമൻസ് കോളേജിൽ സംഘടിപ്പിച്ച പരിപാടിയിൽ മന്ത്രി ഡോ. ബിന്ദു ലഹരിവിരുദ്ധ പ്രതിജ്ഞ വിദ്യാർത്ഥികൾക്ക് ചൊല്ലിക്കൊടുത്തു. അദ്ധ്യാപകർ, അനദ്ധ്യാപകർ, വിദ്യാർത്ഥികൾ, രക്ഷാകർത്താക്കൾ, പൂർവ്വവിദ്യാർത്ഥികൾ എന്നിവർ അണിനിരന്ന് പ്രതിജ്ഞ ഏറ്റുചൊല്ലി.

ആഗോളവ്യാപകമായി ലഹരിക്കെതിരെ ബോധവല്കരണ പ്രചാരണങ്ങളും ജനകീയമുന്നേറ്റങ്ങളും വർദ്ധിക്കുമ്പോഴും ജനങ്ങളിൽ ലഹരിയുടെ സ്വാധീനം ഏറിവരുന്നുവെന്നത് ആശങ്കയുണർത്തുന്നതാണെന്ന് മന്ത്രി ഡോ. ബിന്ദു ഉദ്ഘാടനം നിർവ്വഹിച്ച് പറഞ്ഞു. നിയമം കൊണ്ടു മാത്രം ഇതിന് നിയന്ത്രണം കൊണ്ടുവരാൻ സാധിക്കണമെന്നില്ല. സ്കൂൾതലം മുതലുള്ള നിരന്തര ബോധവത്കരണം, സന്നദ്ധസംഘടനകളുടെയും രാഷ്ട്രീയ പ്രസ്ഥാനങ്ങളുടെയും സഹകരണത്തോടെ നിരന്തര പ്രചാരണം, വിദ്യാഭ്യാസ സ്ഥാപങ്ങൾക്ക് സമീപം കലാലയാധികൃതരുടെയും നിയമപാലകരുടെയും സജീവ നിരീക്ഷണം തുടങ്ങി സമൂഹത്തിന്റെ കൂട്ടായ ശ്രമത്തിലൂടെ മാത്രമേ ഈ വിപത്തിനെ തടയാൻ സാധിക്കൂ. രക്ഷിതാക്കളുടെ നിതാന്ത ജാഗ്രതയും ഇക്കാര്യത്തിൽ അനിവാര്യമാണെന്ന് മന്ത്രി ഡോ. ബിന്ദു പറഞ്ഞു.

ലഹരിവസ്തുക്കളുടെ ദുരുപയോഗം മൂലമുണ്ടാകുന്ന വിപത്തുകളെക്കുറിച്ചും ലഹരിവസ്തുക്കളിൽ നിന്നും വിട്ടു നിൽക്കേണ്ട ആവശ്യകതയെപ്പറ്റിയും പുതുതലമുറ ബോധവാന്മാരാകുകയെന്നതാണ് സർവ്വപ്രധാനമെന്നും മന്ത്രി പറഞ്ഞു. യുവതലമുറ ലഹരിയ്ക്കടിപ്പെടുമ്പോൾ നശിക്കുന്നത് നാടിന്റെയും വീടിന്റെയും വലിയ പ്രതീക്ഷകളാണ്; നാളെയുടെ വലിയ സ്വപ്നങ്ങളാണ് – മന്ത്രി കൂട്ടിച്ചേർത്തു.

ലഹരിവിരുദ്ധ സമൂഹവും ലഹരിവിമുക്ത ക്യാമ്പസും ഉറപ്പാക്കുന്നതിന് ഉന്നതവിദ്യാഭ്യാസ മേഖലയിലുള്ള ഓരോരുത്തരും തങ്ങളുടേതായ പങ്ക് നിർവഹിക്കുമെന്ന ദൃഢപ്രതിജ്ഞയോടെ ലഹരി വിരുദ്ധ ദിനാചരണത്തിന്റെ ഭാഗമായി ഒരു വർഷക്കാലം നീണ്ടുനിൽക്കുന്ന ബോധപൂർണ്ണിമ ക്യാമ്പയിനാണ് തുടക്കം കുറിച്ചിരിക്കുന്നത്. ലഹരിയുടെ ഉപഭോഗം വ്യക്തികളുടെ കർമ്മോത്സുകതയും സർഗ്ഗശേഷിയും ക്ഷയിപ്പിച്ച് അവരുടെ പ്രവർത്തന സന്നദ്ധതകളെ മരവിപ്പിച്ചു നിർത്തുകയും തികച്ചും നിഷ്ക്രിയമായ അവസ്ഥയിലേക്ക് അവരെ നയിക്കുകയും ഒറ്റപ്പെട്ട ജീവിതത്തിലേക്ക് അവരെ തള്ളിയിടുകയും ചെയ്യും – മന്ത്രി ഡോ. ബിന്ദു പറഞ്ഞു. ദൂരവ്യാപകമായ പ്രത്യാഘാതങ്ങളാണ് ലഹരിയുടെ ഉപഭോഗം സമൂഹത്തിൽ സൃഷ്ടിക്കുന്നത്. ലഹരിക്കെതിരെ വലിയ പ്രതിരോധ ശൃംഖല സംസ്ഥാനത്തുടനീളം രൂപീകരിക്കുന്നതിനാണ് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ സർക്കാരും കേരളീയ സമൂഹവും സന്നദ്ധമായിട്ടുള്ളത് – മന്ത്രി പറഞ്ഞു.

ആഗോളതലത്തിൽ വിരിക്കപ്പെട്ട വലയാണ് ലഹരി മാഫിയയുടേത്. ലഹരിയുടെ ലഭ്യത വൻതോതിൽ വർദ്ധിക്കുന്നു എന്നുള്ളത് മറ്റൊരു ഗുരുതരമായ വിഷയമാണ്. ലഹരിയുടെ ലഭ്യത അവസാനിപ്പിക്കുന്നതിനായി എക്സൈസും പോലീസും എല്ലാം കാര്യക്ഷമമായി പ്രവർത്തിക്കുന്നുണ്ട്. വായനയാണ് ലഹരി, കലാസാഹിത്യപ്രവർത്തനങ്ങളാണ് ലഹരി, സ്പോർട്സ് ആണ് ലഹരി എന്നൊക്കെയുള്ള ബദൽ മുദ്രാവാക്യങ്ങൾ ഉയർത്തി വിദ്യാർത്ഥികളെ ശാക്തീകരിക്കാനും അവരുടെ കഴിവുകൾ ആവിഷ്കരിക്കാൻ വേദികൾ ഉണ്ടാക്കാനും എല്ലാ കലാലയങ്ങളിലും നടപടികൾ ഒരുങ്ങുമെന്ന് മന്ത്രി ഡോ. ബിന്ദു പറഞ്ഞു. ലഹരിവിമുക്ത ക്യാമ്പസ് എന്ന ആശയം പ്രചരിപ്പിക്കുന്നതിനും ലഹരി വിമുക്ത സമൂഹത്തിന്റെ അംബാസിഡർമാരാകാനും വിദ്യാർത്ഥി സമൂഹത്തിനാകട്ടെ എന്ന് മന്ത്രി ആശംസിച്ചു.

# അപകടരഹിത വൈദ്യുതി മേഖല മുഖ്യലക്ഷ്യം: മന്ത്രി കെ കൃഷ്ണൻകുട്ടി

## *സംസ്ഥാനതല വൈദ്യതി സുരക്ഷാ വാരാചരണം ഉദ്ഘാടനം ചെയ്തു

അപകടരഹിത വൈദ്യുതി മേഖല സർക്കാരിന്റെ മുഖ്യ ലക്ഷ്യമാണെന്നും വൈദ്യുതി സുരക്ഷയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾക്ക് എല്ലാവരും അതീവ പ്രാധാന്യം നൽകണമെന്നും വൈദ്യതി വകുപ്പ് മന്ത്രി കെ. കൃഷ്ണൻകുട്ടി പറഞ്ഞു. സംസ്ഥാന ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റ് വകുപ്പിന്റെ ആഭിമുഖ്യത്തിൽ സംഘടിപ്പിച്ച വൈദ്യതി സുരക്ഷാ വാരാചരണത്തിന്റെ സംസ്ഥാനതല ഉദ്ഘാടനം ടാഗോർ തിയേറ്ററിൽ നിർവഹിക്കുകയായിരുന്നു മന്ത്രി.

എല്ലാ വർഷവും ജൂൺ 26 മുതൽ ജൂലൈ 2 വരെ ദേശീയ വൈദ്യുതി സുരക്ഷാ വാരമായി ആചരിക്കുന്നതിലൂടെ വൈദ്യുതി സുരക്ഷാ അവബോധം സമൂഹത്തിലെത്തിക്കാൻ കഴിയുന്നുണ്ട്. വൈദ്യുതി അപകടങ്ങളിൽ ഭൂരിഭാഗവും മനുഷ്യനിർമ്മിതമായ വീഴ്ചകളാണ് കാരണം. ജീവനക്കാരുടെയും പൊതുജനങ്ങളുടെയും സുരക്ഷ ഉറപ്പാക്കുന്നതും അപകടങ്ങൾ ഒഴിവാക്കുന്നതും പ്രധാന ഉത്തരവാദിത്വമായി ഏറ്റെടുക്കണം. ഉപഭോക്താക്കൾക്ക് പ്രാധാന്യം നൽകികൊണ്ടുള്ള പ്രവർത്തനങ്ങൾ ബന്ധപ്പെട്ട വകുപ്പുകൾ ഏകോപിപ്പിക്കണമെന്നും മന്ത്രി പറഞ്ഞു.

ഹൈസ്കൂൾ തലത്തിൽ വൈദ്യുതി സുരക്ഷ സംബന്ധിച്ച് നടത്തിയ ഉപന്യാസ, ചിത്രരചനാ മത്സരങ്ങളിൽ വിജയികളായ വിദ്യാർത്ഥികൾക്കുള്ള സമ്മാന വിതരണം മന്ത്രി നിർവഹിച്ചു. വൈദ്യുതി അപകടങ്ങൾ കുറയ്ക്കുന്നതിനുള്ള പരിപാടികൾ നടപ്പാക്കിയ ഇടുക്കി, പാലക്കാട് ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റ് ജില്ലാ ഓഫീസുകൾക്കും നിലമ്പൂർ കെ.എസ്.ഇ.ബി.എൽ ഡിസ്ട്രിബ്യൂഷൻ സർക്കിളിനുമുള്ള ഉപഹാരവും മന്ത്രി വിതരണം ചെയ്തു.

അനർട്ട് സി ഇ ഒ നരേന്ദ്രനാഥ് വെലൂരി, ഇ എം സി ഡയറക്ടർ ആർ.ഹരികുമാർ, ഫാക്ടറീസ് ആൻഡ് ബോയ്ലേഴ്സ് ഡയറക്ടർ പി. പ്രമോദ്, ചീഫ് ഇലക്ട്രിക്കൽ ഇൻസ്പക്ടർ ജി. വിനോദ്, കെഎസ്ഇബിഎൽ ചീഫ് സേഫ്റ്റി കമ്മീഷണർ പ്രവീൺ തുടങ്ങിയവർ സന്നിഹിതരായി.

# ഫാഷൻ ഡിസൈനിംഗ് ആൻഡ് ഗാർമെന്റ് ടെക്നോളജി പ്രവേശനം

സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറേറ്റിന് കീഴിലുള്ള SBTE കേരളയുമായി അഫിലിയേറ്റ് ചെയ്തിട്ടുള്ള സംസ്ഥാനത്തെ ഗവണ്മെന്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫാഷൻ ഡിസൈനിംഗ് സ്ഥാപനങ്ങളിലും സ്വകാര്യ എഫ് ഡി ജി ടി സ്ഥാപനങ്ങളിലും നടത്തുന്ന രണ്ടു വർഷത്തെ ഫാഷൻ ഡിസൈനിംഗ് ആന്റ് ഗാർമെന്റ് ടെക്നോളജി പ്രോഗ്രാമിലേക്ക് 2025-26 അദ്ധ്യയന വർഷത്തേയ്ക്കുള്ള സംസ്ഥാനടിസ്ഥാനത്തിലുള്ള പ്രവേശന നടപടികൾ ജൂൺ 27 മുതൽ ആരംഭിക്കും.

എസ്.എസ്.എൽ.സി/തത്തുല്യ പരീക്ഷയിൽ ഉന്നത വിദ്യാഭ്യാസത്തിനർഹത നേടിയിട്ടുള്ളവർക്ക് പ്രവേശനത്തിനപേക്ഷിക്കാവുന്നതാണ്. എസ്.എസ്.എൽ.സി/ തത്തുല്യ പരീക്ഷയുടെ വിഷയങ്ങൾക്ക് ലഭിച്ച ഗ്രേഡ് പോയിന്റ് ആസ്പദമാക്കിയാണ് റാങ്ക് ലിസ്റ്റ് തയ്യാറാക്കുന്നത്. മൊത്തം ഗ്രേഡ് പോയിന്റ് ആകെ വിഷയങ്ങളുടെ എണ്ണം കൊണ്ട് ഹരിച്ച് ശരാശരി ഗ്രേഡ് പോയിന്റ് കണക്കാക്കുന്നു.

ഭിന്നശേഷിയുള്ളവർക്ക് (സഞ്ചാരം,കാഴ്ച, കേൾവി വൈകല്യം ഉള്ളവർ) 5% സീറ്റുകൾ സംവരണം ചെയ്തിട്ടുണ്ട്. പ്രത്യേക സംവരണമായി ഓരോ സ്ഥാപനത്തിലും ഒരു സീറ്റുവീതം യുദ്ധത്തിൽ മരണമടഞ്ഞ സൈനികരുടെ വിധവകൾക്കായി സംവരണം ചെയ്തിരിക്കുന്നു. എസ് സി/ എസ് ടി, ഒ ഇ സി, എസ് ഇ ബി സി വിഭാഗങ്ങളിലെ അപേക്ഷകർക്ക് സർക്കാർ നിർദ്ദേശപ്രകാരമുള്ള സംവരണം ലഭിക്കുന്നതാണ്. കൂടാതെ മുന്നാക്ക വിഭാഗത്തിലെ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവർക്ക് 10% സംവരണം അനുവദിച്ചിട്ടുണ്ട്.

വസ്ത്ര രൂപകല്പന, നിർമ്മാണം, അലങ്കാരം, വിപണനം എന്നിവ ശാസ്ത്രീയമായി പഠിക്കുന്നതിന് ഫാഷൻ ഡിസൈനിംഗ് ആന്റ് ഗാർമെന്റ് ടെക്നോളജി ഉപകരിക്കുന്നു. പരമ്പരാഗത വസ്ത്ര നിർമ്മാണ മേഖലകളിൽ വൈദഗ്ദ്യം നേടുന്നതിനോടൊപ്പം കമ്പ്യൂട്ടർ അധിഷ്ഠിത ഫാഷൻ ഡിസൈനിംഗിലും പ്രാവീണ്യം നേടാൻ കഴിയുന്നതാണ്.

കാലാകാലങ്ങളിൽ ഈ മേഖലകളിലുണ്ടാകുന്ന പുത്തൻ ട്രെൻഡുകളെ സ്വാംശീകരിക്കുന്നതിനും, തനതു രീതിയിൽ വികസിപ്പിക്കുന്നതിനും പുനരാവിഷ്കരിക്കുന്നതിനും ഈ പ്രോഗ്രാം ഉപകരിക്കുന്നു. സാധാരണയുള്ള വസ്ത്രനിർമ്മാണ പഠന രീതിയിൽ നിന്നും വ്യത്യസ്തമായി വസ്ത്ര രൂപകല്പന, നിർമ്മാണം, അലങ്കാരം എന്നിവയിൽ ശാസ്ത്രീയമായ അവബോധം നൽകി പ്രായോഗിക വൈദഗ്ദ്യത്തിന് പ്രാധാന്യം നൽകുന്നുവെന്നതാണ് ഈ പ്രോഗ്രാമിന്റെ സവിശേഷത. വസ്ത്ര നിർമ്മാണ മേഖലയിലെ പുതിയ മാറ്റങ്ങൾ കൂടി കണ്ടുകൊണ്ട് പരിഷ്കരിച്ച കരിക്കുലമാണ് 2017 മുതൽ നടപ്പിലാക്കി വരുന്നത്. ആറ് ആഴ്ച നീണ്ടു നിൽക്കുന്ന ഇൻഡസ്ട്രി ഇന്റേൺഷിപ്പ്, കമ്പ്യൂട്ടർ എയിഡഡ് ഫാഷൻ ഡിസൈനിംഗ്, വ്യക്തിത്വ മികവും ഇംഗ്ലീഷ് ഭാഷാ നൈപുണ്യം വർദ്ധിപ്പിക്കുന്നതിനുള്ള ഇംഗ്ലീഷ് & വർക്ക്പ്ലേസ് സ്കിൽസ് പരിശീലനം തുടങ്ങിയവയും ഈ പ്രോഗ്രാമിനെ വ്യത്യസ്തമാക്കുന്നു.

പട്ടികജാതി/പട്ടിക വർഗ്ഗ വിഭാഗങ്ങൾക്ക് 50 രൂപയും, മറ്റുള്ളവർക്ക് 100 രൂപയുമാണ് അപേക്ഷ ഫീസ്. അപേക്ഷ സമർപ്പിക്കുന്നതിനു മുൻപായി www.polyadmission.org/gifd എന്ന വെബ്ബ്സൈറ്റ് മുഖേന വൺ ടൈം രജിസ്ട്രേഷൻ പ്രക്രിയ ഫീസടച്ച് പൂർത്തിയാക്കേണ്ടതും അതിനു ശേഷം വിവിധ ഗവ. ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫാഷൻ ഡിസൈനിംഗ് സ്ഥാപനങ്ങളിലേക്കും ഓപ്ഷൻ നൽകി അപേക്ഷ സമർപ്പിക്കുവാൻ കഴിയുന്നതുമാണ്. വിവിധ സ്വകാര്യ എഫ് ഡി ജി ടി സ്ഥാപനങ്ങളിലേക്ക് അപേക്ഷിക്കുവാൻ ആഗ്രഹിക്കുന്നവർ ഓരോ സ്ഥാപനങ്ങൾ തെരഞ്ഞെടുത്ത് വെവ്വേറെ അപേക്ഷകൾ സമർപ്പിക്കേണ്ടതാണ്.

വിശദ വിവരങ്ങൾ അടങ്ങിയ പ്രോസ്പക്ടസും പ്രോഗ്രാം നടത്തപ്പെടുന്ന സ്ഥാപനങ്ങളുടെ വിവരങ്ങളും അനുബന്ധങ്ങളും ജൂൺ 27 മുതൽ ംംം.ുീഹ്യമറാശൈശീി.ീൃഴ/ ഴശളറ എന്ന അഡ്മിഷൻ പോർട്ടലിൽ നിന്നും ഡൗൺലോഡ് ചെയ്യാവുന്നതാണ്.

വൺ ടൈം രജിസ്ട്രേഷൻ / ഓൺലൈൻ അപേക്ഷ സമർപ്പണം / ജി ഐ എഫ് ഡി പ്രവേശനം തുടങ്ങിയവയുമായി ബന്ധപ്പെട്ട സംശയങ്ങൾക്ക് എല്ലാ സ്ഥാപനങ്ങളിലെയും ഹെൽപ്പ്ഡസ്കുകളിൽ ലഭ്യമാക്കിയിട്ടുള്ള ജീവനക്കാരുടെ മൊബൈൽ നമ്പറുകളിൽ ബന്ധപ്പെടാവുന്നതാണ്. നമ്പറുകൾ അഡ്മിഷൻ പോർട്ടലിലെ 'CONTACT US' എന്ന ലിങ്കിൽ

# എലിപ്പനി പെട്ടെന്ന് തീവ്രമാകുന്നതിനാൽ വളരെ ശ്രദ്ധിക്കണം: മന്ത്രി വീണാ ജോർജ്

## മണ്ണുമായും മലിനജലവുമായും ഇടപെടുന്നവർ ഡോക്സിസൈക്ലിൻ കഴിക്കണം

തിരുവനന്തപുരം: മഴ തുടരുന്നതിനാൽ പകർച്ചവ്യാധികൾക്കെതിരെ ജാഗ്രത തുടരണമെന്ന് ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജ്. എലിപ്പനിയ്ക്കെതിരെ വളരെ ശ്രദ്ധിക്കണം. എലിപ്പനി ബാധിച്ചാൽ പെട്ടെന്ന് തീവ്രമാകുമെന്നതിനാൽ പ്രത്യേക ശ്രദ്ധ വേണം. ഏതെങ്കിലും സാഹചര്യത്തിൽ മണ്ണുമായോ, മലിനജലവുമായോ സമ്പർക്കത്തിൽ വന്നിട്ടുള്ളവർക്ക് പനി ബാധിക്കുന്നെങ്കിൽ ഉടനടി ചികിത്സ തേടി ഡോക്ടറോട് അക്കാര്യം പറയേണ്ടതാണ്. മണ്ണുമായും മലിനജലവുമായും ഇടപെടുന്നവർ നിർബന്ധമായും ആരോഗ്യ പ്രവർത്തകരുടെ നിർദേശാനുസരണം എലിപ്പനി പ്രതിരോധ ഗുളികയായ ഡോക്സിസൈക്ലിൻ കഴിക്കേണ്ടതാണ്. എലിപ്പനി ഒരു മാരക രോഗമാണെങ്കിലും കൃത്യമായ പ്രതിരോധ മാർഗങ്ങളിലൂടെയും ചികിത്സയിലൂടെയും തടയാൻ സാധിക്കുമെന്നും മന്ത്രി വ്യക്തമാക്കി.

തൊഴിലുറപ്പ് തൊഴിലാളികൾ, ശുചീകരണ പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നവർ, സന്നദ്ധ പ്രവർത്തകർ, ചെടികൾ നടുന്നവർ, മണ്ണിൽ കളിക്കുന്നവർ തുടങ്ങി മലിനജലവുമായോ കെട്ടിക്കിടക്കുന്ന വെള്ളവുമായോ സമ്പർക്കത്തിൽ വരുന്നവർ എലിപ്പനി പ്രതിരോധിക്കാനായി ആരോഗ്യ പ്രവർത്തകരുടെ നിർദേശാനുസരണം നിർബന്ധമായും ഡോക്സിസൈക്ലിൻ കഴിക്കേണ്ടതാണ്. ആരംഭത്തിൽ കണ്ടെത്തി ചികിത്സിച്ചാൽ സങ്കീർണതകളിൽ നിന്നും മരണത്തിൽ നിന്നും വളരെയേറെപ്പേരെ രക്ഷിക്കാൻ സാധിക്കും.



### എലിപ്പനി വരുന്നതെങ്ങനെ?

എലി, അണ്ണാൻ, പശു, ആട്, നായ എന്നിവയുടെ മൂത്രം, വിസർജ്യം മുതലായവ കലർന്ന വെള്ളവുമായോ മണ്ണുമായോ സമ്പർക്കം വരുന്നതിലൂടെയാണ് എലിപ്പനി ഉണ്ടാകുന്നത്. തൊലിയിലുള്ള മുറിവുകളിൽ കൂടിയോ കണ്ണ്, മൂക്ക്, വായ വഴിയോ രോഗാണു മനുഷ്യ ശരീരത്തിൽ പ്രവേശിക്കുന്നു.

**രോഗ ലക്ഷണങ്ങൾ**

മണ്ണുമായും മലിനജലവുമായും ഇടപെടുന്നവർ ഡോക്സിസൈക്ലിൻ കഴിക്കണംപെട്ടെന്നുണ്ടാവുന്ന ശക്തമായ പനി, കഠിനമായ തലവേദന, പേശീവേദന, പനിയോടൊപ്പം ചിലപ്പോൾ ഉണ്ടാകുന്ന വിറയൽ എന്നിവയാണ് പ്രധാന രോഗ ലക്ഷണങ്ങൾ. കാൽവണ്ണയ്ക്ക് വേദന, നടുവേദന, കണ്ണിന് ചുവപ്പുനിറം, മഞ്ഞപ്പിത്തം, ത്വക്കിനും കണ്ണുകൾക്കും മഞ്ഞനിറമുണ്ടാവുക, മൂത്രം മഞ്ഞ നിറത്തിൽ പോവുക എന്നീ രോഗലക്ഷണങ്ങളുമുണ്ടാകാം.

### എലിപ്പനി തടയാൻ പ്രതിരോധം പ്രധാനം

- മലിനജലവുമായി സമ്പർക്കത്തിൽ ഏർപ്പെടുന്നവർ വ്യക്തി സുരക്ഷാ ഉപാധികളായ കയ്യുറ, മുട്ട് വരെയുള്ള കാലുറ, മാസ്ക് എന്നിവ ഉപയോഗിക്കുക.
- കൈകാലുകളിൽ മുറിവുകളുണ്ടെങ്കിൽ മലിനജലത്തിൽ ഇറങ്ങുന്നത് ഒഴിവാക്കുക.
- മാലിന്യങ്ങൾ കെട്ടിക്കിടക്കുന്നത് ഒഴിവാക്കുകയും പരിസരം വൃത്തിയായി സൂക്ഷിക്കുകയും ചെയ്യുക.
- ഭക്ഷണം തുറന്നു വയ്ക്കാതിരിക്കുക. എലികൾക്ക് കടന്നു ചെല്ലാൻ സാധ്യതയില്ലാത്ത രീതിയിൽ അടച്ചു സൂക്ഷിക്കുക.
- വെള്ളത്തിലിറങ്ങിയാൽ കൈയ്യും കാലും സോപ്പ് ഉപയോഗിച്ച് നന്നായി കഴുകേണ്ടതാണ്.
- കെട്ടിക്കിടക്കുന്ന വെള്ളത്തിൽ കളിക്കാനോ കുളിക്കാനോ പാടില്ല
- മണ്ണുമായും മലിനജലവുമായും സമ്പർക്കം വരുന്ന കാലയളവിൽ ആഴ്ചയിലൊരിക്കൽ ഡോക്സിസൈക്ലിൻ ഗുളിക 200 മില്ലീഗ്രാം (100 മില്ലീഗ്രാമിന്റെ രണ്ട് ഗുളിക) ആരോഗ്യ പ്രവർത്തകരുടെ നിർദേശാനുസരണം കഴിക്കുന്നത് വഴി എലിപ്പനി പ്രതിരോധം ലഭിക്കുന്നു.
- ഡോക്സിസൈക്ലിൻ എല്ലാ സർക്കാർ ആശുപത്രികളിൽ നിന്നും സൗജന്യമായി ലഭ്യമാണ്.
- എലിപ്പനിയുടെ പ്രാരംഭ ലക്ഷണങ്ങൾ കണ്ടാൽ ഉടൻതന്നെ, ആരോഗ്യ പ്രവർത്തകരുമായി ബന്ധപ്പെടേണ്ടതാണ്.
- യാതൊരു കാരണവശാലും സ്വയം ചികിത്സ പാടില്ല.

Edited, Printed, Published & owned by Yesudas William,`Darpan', T.C 76/189 (1), Thoppil Lane, Anayara P.O, Thiruvananthapuram-29. Printed at Prabhatha Vartha Printers, TC. 21/1921, ERA-S-35, Elankam Lane, Nedumcadu. Karamana P.O,Tvpm-695002. e-mail: nauticaltimeskerala@gmail.com, Phone: 0471-2742840, 9446345353.




കെഎഎൽ നിർമ്മിച്ച വാഹനങ്ങളുടെ വിപണനോദ്ഘാടനം മന്ത്രി രാജീവ് നിർവഹിക്കുന്നു

# 'മിൽമ മിലി കാർട്ട്' ഐസ്ക്രീം വെൻഡിംഗ് വാഹനങ്ങൾ പുറത്തിറക്കി

തിരുവനന്തപുരം: മിൽമയുടെ ആവശ്യപ്രകാരം പൊതുമേഖലാ സ്ഥാപനം കേരള ഓട്ടോമൊബൈൽസ് ലിമിറ്റഡ് (കെഎഎൽ) നിർമ്മിച്ച ഐസ്ക്രീം വെൻഡിംഗ് വാഹനങ്ങളായ 'മിൽമ മിലി കാർട്ടുകൾ' വ്യവസായ നിയമ കയർ വകുപ്പ് മന്ത്രി പി. രാജീവ് പുറത്തിറക്കി. പ്രത്യേകം രൂപകൽപ്പന ചെയ്ത ക്യാനോപിയും ഫ്രീസറും ഉൾപ്പെടുന്നതാണ് മിൽമ മിലി കാർട്ട്.

മിൽമ മിലി കാർട്ടിൻറെ വിപണന ഉദ്ഘാടനവും താക്കോൽ കൈമാറ്റവും വ്യവസായ നിയമ കയർ വകുപ്പ് മന്ത്രി പി.രാജീവ് നിർവഹിച്ചു. മിൽമ ചെയർമാൻ കെ.എസ്. മണിക്ക് താക്കോൽ കൈമാറിക്കൊണ്ടാണ് ഇ-വാഹനങ്ങൾ പുറത്തിറക്കിയത്. ചടങ്ങിൽ മന്ത്രി 30 വാഹനങ്ങൾ ഫ്ളാഗ് ഓഫ് ചെയ്തു.

മിൽമയുടെ മൂന്ന് പ്രാദേശിക യൂണിയനുകൾക്ക് 10 മിൽമ മിലി കാർട്ടുകൾ വീതം ലഭ്യമാകുമെന്ന് മന്ത്രി പി.രാജീവ് പറഞ്ഞു. ഈ വാഹനങ്ങളുടെ പ്രകടനം മികച്ചതാണെങ്കിൽ 70 എണ്ണത്തിനു കൂടി ഓർഡർ നല്കാനുള്ള സാധ്യത മിൽമ പരിശോധിക്കും. പൊതുമേഖലാ സ്ഥാപനങ്ങളെ ശക്തിപ്പെടുത്തി അവയെ മത്സരാധിഷ്ഠിതമാക്കുകയും ലാഭകരമാക്കുകയും ചെയ്യുക എന്നതാണ് സർക്കാർ ലക്ഷ്യം. 2016 മുതൽ വിവിധ ഘട്ടങ്ങളിലായി കെ.എ.എല്ലിന് സർക്കാർ 58 കോടി രൂപ നൽകിയിട്ടുണ്ട്. സാമ്പത്തിക ബുദ്ധിമുട്ടുകൾക്കിടയിലും കഴിഞ്ഞ വർഷം കെഎഎല്ലിന് 11.30 കോടി രൂപ ലഭ്യമാക്കി. ഇക്കൊല്ലമത് 11.50 കോടി രൂപയാക്കി വർധിപ്പിക്കാനായി. ഈ വർഷം ആദ്യമായി സംസ്ഥാനത്തെ പൊതുമേഖലാ സ്ഥാപനങ്ങളുടെ വിറ്റുവരവ് 5000 കോടി രൂപയിലധികമായതായും അദ്ദേഹം കൂട്ടിച്ചേർത്തു.

പൊതുമേഖലാ സ്ഥാപനമായ കെഎഎല്ലുമായി കൈകോർത്ത് ഇ-കാർട്ട് വാഹനങ്ങൾ പുറത്തിറക്കുന്നത് മിൽമയുടെ ഭാഗത്തു നിന്നുള്ള പ്രോത്സാഹജനകമായ നടപടിയാണെന്ന് ചടങ്ങിൽ അധ്യക്ഷത വഹിച്ച കെ.ആൻസലൻ എംഎൽഎ പറഞ്ഞു.

പൊതുമേഖലാ സ്ഥാപനങ്ങളുമായി സഹകരിച്ചുള്ള സംരംഭങ്ങളുമായി മുന്നോട്ട് പോകാൻ മിൽമ ലക്ഷ്യമിടുന്നുവെന്ന് മുഖ്യപ്രഭാഷണത്തിൽ മിൽമ ചെയർമാൻ കെ. എസ്. മണി പറഞ്ഞു. വിവിധ വെല്ലുവിളികൾക്കിടയിലും കഴിഞ്ഞ സാമ്പത്തിക വർഷത്തിൽ 4,500 കോടി രൂപയുടെ വിറ്റുവരവ് നേടാൻ മിൽമയ്ക്ക് കഴിഞ്ഞു. മൊത്ത ലാഭത്തിൽ നിന്ന് ഏകദേശം 253 കോടി രൂപ കാലിത്തീറ്റ സബ്സിഡി, പാലിനുള്ള അധിക പ്രോത്സാഹനം എന്നിവയുടെ രൂപത്തിൽ ക്ഷീരകർഷകർക്ക് നൽകി. കഴിഞ്ഞ വർഷം മിൽമയുടെ അറ്റാദായത്തിൻറെ 98.5 ശതമാനവും ക്ഷീരകർഷകർക്കായി നീക്കിവച്ചിരുന്നു.

ക്ഷീരകർഷകരെ നിലനിർത്തുകയും കൂടുതൽ ആളുകളെ ഈ മേഖലയിലേക്ക് ആകർഷിക്കുകയും ചെയ്യുക എന്നതിനാണ് മുൻഗണന നല്കുന്നത്. കേരളത്തിലെ 941 പഞ്ചായത്തുകളുടെ വാതിൽപ്പടിയിൽ മിൽമ ഉത്പന്നങ്ങൾ വിൽക്കുന്ന പദ്ധതി മിൽമ വിഭാവനം ചെയ്യുന്നുണ്ട്. ഈ പദ്ധതി യാഥാർത്ഥ്യമായാൽ 941 സ്ത്രീകൾക്ക് തൊഴിൽ ലഭ്യമാകുമെന്ന് പ്രതീക്ഷിക്കുന്നതായും അദ്ദേഹം കൂട്ടിച്ചേർത്തു.

ചടങ്ങിൽ മിൽമ എംഡി ആസിഫ് കെ യൂസഫ്, കെഎഎൽ ചെയർമാൻ പുല്ലുവിള സ്റ്റാൻലി എന്നിവരും പങ്കെടുത്തു.

മിൽമയുടെ മൂന്ന് പ്രാദേശിക യൂണിയനുകളായ തിരുവനന്തപുരം റീജിയണൽ കോ-ഓപ്പറേറ്റീവ് മിൽക്ക് പ്രൊഡ്യൂസേഴ്സ് യൂണിയൻ (ടിആർസിഎംപിയു), എറണാകുളം റീജിയണൽ കോ-ഓപ്പറേറ്റീവ് മിൽക്ക് പ്രൊഡ്യൂസേഴ്സ് യൂണിയൻ (ഇആർസിഎംപിയു)), മലബാർ റീജിയണൽ കോ-ഓപ്പറേറ്റീവ് മിൽക്ക് പ്രൊഡ്യൂസേഴ്സ് യൂണിയൻ (എംആർസിഎംപിയു) എന്നിവയ്ക്കിടയിൽ വിതരണം ചെയ്യുന്നതിനായി 30 ഐസ്ക്രീം വെൻഡിംഗ് വാഹനങ്ങളാണ് മിൽമ പുറത്തിറക്കിയത്.

ടിആർസിഎംപിയു ചെയർപേഴ്സൺ മണി വിശ്വനാഥ്, ഇആർസിഎംപിയു ചെയർമാൻ വൽസലൻ പിള്ള, അതിയന്നൂർ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡൻറ് എൽ റാണി, മുനിസിപ്പൽ കൗൺസിലർ അജിത കെ.എസ്, വ്യവസായ വകുപ്പിലെ ഓഫീസർ ഓൺ സ്പെഷ്യൽ ഡ്യൂട്ടി ആനി ജൂല തോമസ്, കെഎഎൽ എംഡി വി എസ് രാജീവ്, ബിപിടി എക്സിക്യൂട്ടീവ് ചെയർമാൻ അജിത്കുമാർ എന്നിവരും പങ്കെടുത്തു.

# ബഹിരാകാശ നിലയം ലക്ഷ്യമാക്കി ശുഭാംശു ശുക്ലയും സംഘവും

ന്യൂഡൽഹി: ഇന്ത്യയുടെ അഭിമാനമായ ശുഭാംശു ശുക്ല ഉൾപ്പെടുന്ന ആക്സിയം 4 ദൗത്യ സംഘം അന്താരാഷ്ട്ര ബഹിരാകാശ നിലയത്തിലേക്കുള്ള യാത്ര തുടരുന്നു. സംഘത്തിലെ നാലുപേരും സുരക്ഷിതരാണ്.

28 മണിക്കൂർ യാത്ര പൂർത്തിയാക്കി ഇന്നു വൈകുന്നേരം നാലരയോടെ സംഘം ബഹിരാകാശ നിലയത്തിൽ എത്തും. തുടർന്ന് ഡ്രാഗൺ പേടകം അന്താരാഷ് ട്ര ബഹിരാകാശ നിലയത്തിൽ ഡോക്ക് ചെയ്യും. 14 ദിവസമാണ് ദൗത്യ കാലയളവ്.

ഫ്ലോറിഡയിലെ കെന്നഡി സ്പേസ് സെൻററിൽനിന്ന് ഇന്ത്യൻ സമയം ബുധനാഴ്ച ഉച്ചയ്ക്ക് 12.01നായിരുന്നു വിക്ഷേപണം. ശുഭാംശുവിനെ കൂടാതെ നാസയുടെ പെഗി വിറ്റ്സൺ, പോളണ്ടിൽനിന്നുള്ള ബഹിരാകാശ സഞ്ചാരി സ്വാവോസ് ഉയാൻസ്കി, ഹംഗറിയിൽനിന്നുള്ള ടിബർ കപു എന്നിവരാണ് മറ്റു ദൗത്യസംഘാംഗങ്ങൾ.

ഏറ്റവും കൂടുതൽ കാലം ബഹിരാകാശത്തു ചെലവഴിച്ച (675 ദിവസം) അമേരിക്കക്കാരി പെഗിയാണ് ദൗത്യം കമാൻഡർ. ദൗത്യം നയിക്കുന്നത് മിഷൻ പൈലറ്റ് ശുഭാംശു ശുക്ലയാണ്. ഉയാൻസ്കിയും കപുവും മിഷൻ സ്പെഷലിസ്റ്റുകളാണ്.

മൈക്രോ ഗ്രാവിറ്റിയിൽ അറുപതിലേറെ പരീക്ഷണങ്ങൾ ചെയ്യുകയാണു സംഘത്തിൻറെ ലക്ഷ്യം. ടെക്സസ് ആസ്ഥാനമായി പ്രവർത്തിക്കുന്ന സ്വകാര്യ ബഹിരാകാശ കന്പനിയായ ആക്സിയം സ്പേസിൻറെ നാലാം ബഹിരാകാശ ദൗത്യമായിരുന്നു ഇത്. നാസ, ഐഎസ്ആർഒ, ആക്സിയം സ്പേസ്, സ്പേസ് എക്സ്, യൂറോപ്യൻ സ്പേസ് ഏജൻസി, പോളണ്ടിൻറെയും ഹംഗറിയുടെയും ബഹിരാകാശ ഏജൻസികൾ എന്നിവയുടെ സംയുക്ത ദൗത്യമാണ് ആക്സിയം 4.

ഇന്ത്യക്കുവേണ്ടി ഐഎസ്ആർഒ നിർദേശിച്ച ഏഴു പരീക്ഷണങ്ങൾ ശുഭാംശു ശുക്ല പ്രത്യേകമായി ചെയ്യും. സൂക്ഷ്മ ജീവികളിൽ റേഡിയോ തരംഗങ്ങളുണ്ടാക്കുന്ന മാറ്റങ്ങൾ, ശരീരത്തിൻറെ പേശികൾക്കുണ്ടാകുന്ന മാറ്റങ്ങൾ, മൈക്രോ ഗ്രാവിറ്റിയിൽ ഇലക്ട്രോണിക് ഡിസ്പ്ലേയും കണ്ണുകളുടെ ചലനം, വിത്തുകൾ മുളപ്പിക്കലും വളർച്ചയും തുടങ്ങിയ പരീക്ഷണങ്ങളും അതിൽ ഉൾപ്പെടുന്നു.

## രാജ്യം ഇപ്പോൾ അപ്രഖ്യാപിത അടിയന്തരാവസ്ഥയിൽ: എം.എ.ബേബി

തിരുവനന്തപുരം : രാജ്യം ഇപ്പോൾ അപ്രഖ്യാപിത അടിയന്തരാവസ്ഥയിലാണെന്നു സിപിഎം ജനറൽ സെക്രട്ടറി എം.എ.ബേബി. ആർഎസ്എസിന് ഈ രാജ്യത്തു ജനാധിപത്യത്തിനു വേണ്ടി നിലകൊള്ളാൻ സാധിക്കില്ല. ആർഎസ്എസിൻറെ രൂപഘടന അങ്ങനെയാണ്. അവരുടെ നേതൃത്വത്തെ തെരഞ്ഞെടുക്കുന്നതു ജനാധിപത്യപരമായല്ലെന്നും അദ്ദേഹം പറഞ്ഞു.

ആർ എസ് എസിൻറെ നിർദേശമനുസരിച്ചു ഭരിക്കുന്ന ബിജെപി സർക്കാരിനു രാജ്യത്തെ ഒരിക്കലും ജനാധിപത്യപരമായി നയിക്കാനാകില്ലെന്നും അങ്ങനെയുള്ള 10 വർഷമാണു നേരത്തേ കടന്നുപോയതെന്നും അദ്ദേഹം പറഞ്ഞു.

ആർഎസ്എസ് എന്ന അർധഫാസിസ്റ്റ് സൈനിക ദളം കേന്ദ്ര സർക്കാരിനു പിന്നിലുണ്ട്. സർക്കാർ സംവിധാനം മുഴുവൻ അർധ ഫാസിസ്റ്റ് നയം നടപ്പിലാക്കാൻ ഉപയോഗിക്കുകയാണ്. അതിൽ നിതാന്തമായ ജാഗ്രതയാണു വേണ്ടത്. അതാണ് അടിയന്തരാവസ്ഥ നൽകുന്ന പാഠം എന്നും ബേബി പറഞ്ഞു.

# ജീവനെടുത്ത് കുഴി: റോഡിൽ കിടന്ന് ബിജെപി പ്രതിഷേധം, സംഘർഷം

തൃശൂർ: നഗരമധ്യത്തിലെ റോഡിലെ കുഴിയിൽ വീണ് യുവാവ് മരിച്ച സംഭവത്തിൽ പ്രതിഷേധവുമായി ബിജെപി. മുദ്രാവാക്യം മുഴക്കി റോഡിൽ കുത്തിയിരുന്നും കിടന്നും പ്രതിഷേധിച്ച പ്രവർത്തകരെ പോലീസ് പിടിച്ചുമാറ്റാൻ ശ്രമിച്ചത് സംഘർഷത്തിനു വഴിയൊരുക്കി. പിന്നാലെ പ്രവർത്തകരും പോലീസും തമ്മിൽ ഉന്തുംതള്ളുമുണ്ടായി. പിന്നാലെ പ്രതിഷേധിച്ച ബിജെപി കൗൺസിലർമാരെ പോലീസ് അറസ്റ്റ് ചെയ്യാൻശ്രമിച്ചെങ്കിലും വിജയിച്ചില്ല.

തൃശൂർ എംജി റോഡിൽ ഇന്നുരാവിലെ എട്ടുമണിയോടെയായിരുന്നു ദാരുണമായ അപകടമുണ്ടായത്. കുഴിയിൽ വീഴാതിരിക്കാൻ സ്കൂട്ടർ വെട്ടിച്ച യാത്രക്കാരൻറെ മേൽ പിന്നാലെത്തിയ ബസ് കയറിയിറങ്ങുകയായിരുന്നു. കൂടെയുണ്ടായിരുന്ന അമ്മയെ ഗുരുതരാവസ്ഥയിൽ തൃശൂർ മെഡിക്കൽ കോളജിൽ പ്രവേശിപ്പിച്ചു. തൃശൂർ ഉദയ്നഗർ സ്വദേശി വിഷ്ണുദത്തൻ (22) ആണ് മരിച്ചത്. തലയ്ക്കു പരിക്കേറ്റ അമ്മ പത്മിനിയുടെ (60) നില ഗുരുതരമാണ്.

വടക്കുന്നാഥ ക്ഷേത്രദർശനത്തിനായി അമ്മയോടൊപ്പം സ്കൂട്ടറിൽ വരുന്പോഴായിരുന്നു സംഭവം. എംജി റോഡിൽ കോട്ടപ്പുറം പാലത്തിനും പിഎസ്സി ഓഫീസിനും ഇടയിലാണ് അപകടം സംഭവിച്ചത്. റോഡിലെ കുഴി കണ്ട് കുഴിയിൽ വീഴാതിരിക്കാൻ സ്കൂട്ടർ വെട്ടിച്ചപ്പോൾ പിറകിലൂടെയെത്തിയ തൃശൂർ – തൃപ്രയാർ റൂട്ടിൽ സർവീസ് നടത്തുന്ന വഴിനടയ്ക്കൽ ബസ് സ്കൂട്ടറിലിടിച്ച് യുവാവ് റോഡിലേക്കു വീഴുകയും അതേ ബസ് തന്നെ യുവാവിൻറെ ദേഹത്തുകൂടി കയറിയിറങ്ങുകയുമായിരുന്നു.

സംഭവസ്ഥലത്തുവച്ചുതന്നെ യുവാവ് മരിച്ചു. റോഡിൽ തലയിടിച്ചുവീണ അമ്മയെ ഗുരുതരാവസ്ഥയിൽ ഓടിയെത്തിയ നാട്ടുകാരും വെസ്റ്റ് പോലീസും ചേർന്ന് മെഡിക്കൽകോളജിലേക്ക് മാറ്റുകയായിരുന്നു.

# ജലവിഭവ പരിപാലനം: നദീതട സംരക്ഷണ മാനേജ്മെൻറ് സമിതിയായി

തിരുവനന്തപുരം: ജലവിഭവ പരിപാലനം കാര്യക്ഷമമാക്കാനായി നദീതട സംരക്ഷണ മാനേജ്മെൻറ് ചട്ടക്കൂടിന് അംഗീകാരം നൽകി. വിവിധ തലങ്ങളിലെ ഭരണ സംവിധാനം, കാര്യക്ഷമമായ വിഭവ ആസൂത്രണം, നിരീക്ഷണം എന്നീ ഉദ്ദേശ്യങ്ങളോടെയാണ് മാനേജ്മെൻറ് ചട്ടക്കൂടിന് രൂപം നല്കുന്നത്.

ഇതിനായി മുഖ്യമന്ത്രി അധ്യക്ഷനായ അപ്പക്സ് കമ്മിറ്റി രൂപീകരിക്കും. നിയമ, ജലവിഭവ, റവന്യൂ, വൈദ്യുതി,വനം, ധനകാര്യ, തദ്ദേശ, കൃഷി, ഫിഷറീസ്, പൊതുമരാമത്ത് മന്ത്രിമാരും സംസ്ഥാന ആസൂത്രണ ബോർഡ് വൈസ് ചെയർമാനും ചീഫ് സെക്രട്ടറിയും ഈ സമിതിയിൽ അംഗങ്ങളായിരിക്കും.

ജലവിഭവ അഡീഷണൽ ചീഫ് സെക്രട്ടറിയായിരിക്കും കൺവീനർ. ചീഫ് സെക്രട്ടറി സ്റ്റിയറിംഗ് കമ്മിറ്റി അധ്യക്ഷനും ജലവിഭവ അഡീഷണൽ ചീഫ് സെക്രട്ടറി സാങ്കേതിക സമിതി അധ്യക്ഷനുമായും പ്രവർത്തിക്കും.

# ഗവർണർ പങ്കെടുക്കുന്ന പരിപാടികളിൽ മാധ്യമങ്ങൾക്കു വിലക്കില്ല: രാജ്ഭവൻ

തൃശൂർ: ഗവർണർ പങ്കെടുക്കുന്ന പരിപാടികളിൽ മാധ്യമങ്ങൾക്കു വിലക്കില്ലെന്നു രാജ്ഭവൻ. കാർഷിക സർവകലാശാലയുടെ ബിരുദദാന ചടങ്ങിൽ ദൃശ്യങ്ങൾ പകർത്തുന്നതിൽനിന്നു മാധ്യമങ്ങൾക്കു വിലക്കേർപ്പെടുത്തിയെന്ന വാർത്ത ശ്രദ്ധയിൽപ്പെട്ട സാഹചര്യത്തിലാണു വിശദീകരണമെന്നും രാജ്ഭവൻ വ്യക്തമാക്കി.

പുഴയ്ക്കൽ ഹയാത്ത് റീജൻസിയിൽ നടക്കുന്ന ബിരുദദാന ചടങ്ങിലാണു ദൃശ്യങ്ങൾ പകർത്തുന്നതിനു മാധ്യമങ്ങൾക്കു വിലക്കേർപ്പെടുത്തിയത്. ഗവർണർ പങ്കെടുക്കുന്ന പരിപാടിക്ക് അരമണിക്കൂർമുന്പ് സദസിലെത്തണമെന്നും ദൃശ്യങ്ങൾ പകർത്തരുതെന്നുമായിരുന്നു സർവകലാശാലാ രജിസ്ട്രാർ ഡോ. എ. സക്കീർ ഹുസൈൻ പറഞ്ഞത്. ഗവർണറുടെ ഓഫീസിൽനിന്നുള്ള നിർദേശമനുസരിച്ചാണോ വിലക്കെന്ന ചോദ്യത്തിന് വ്യക്തമായ മറുപടിയും നൽകിയില്ല.

ഗവർണർ വിലക്കേർപ്പെടുത്താതെ സർവകലാശാലയ്ക്ക് ഇത്തരം നിയന്ത്രണം ഏർപ്പെടുത്താൻ കഴിയുമോ എന്ന ചോദ്യത്തിന്, ഞങ്ങളുടെ തീരുമാനം ഇതാണെന്നായിരുന്നു മറുപടി. ഭാരതാംബ വിഷയത്തിൽ മന്ത്രി പി. പ്രസാദും ഗവർണറും തമ്മിലുണ്ടായ വിവാദത്തിനു ശേഷം ആദ്യമായാണ് ഇരുവരും ഒരു വേദിയിലെത്തുന്നത്. മന്ത്രി കെ. രാജനും ചടങ്ങിൽ പങ്കെടുക്കും.

## പുതുക്കുറിച്ചിയിൽ വള്ളം മറിഞ്ഞ് അപകടം; ഒരാളെ കാണാതായി

തിരുവനന്തപുരം: പുതുക്കുറിച്ചിയിൽ വള്ളം മറിഞ്ഞ് ഒരാളെ കടലിൽ കാണാതായി. പുതുക്കുറിച്ചി തൈരുവിൽ തൈവിളാകം വീട്ടിൽ ആൻറണിയെ(65) ആണ് കാണാതായത്.

മത്സ്യത്തൊഴിലാളികളും കോസ്റ്റൽ പോലീസും മറൈൻ എൻഫോഴ്സ്മെൻറും ചേർന്ന് തെരച്ചിൽ തുടരുകയാണ്. ഇന്ന് പുലർച്ചെ മത്സ്യബന്ധനത്തിനായി പോകുമ്പോഴായിരുന്നു അപകടം. നാലുപേരാണ് വള്ളത്തിലുണ്ടായിരുന്നത്.

# സിബിഎസ്ഇ പത്താം ക്ലാസ് പരീക്ഷ രണ്ട് ഘട്ടത്തിൽ; ഈ വർഷം മുതൽ നടപ്പാക്കും

ന്യൂഡൽഹി: സിബിഎസ്ഇ പത്താം ക്ലാസ് പരീക്ഷ ഈ അധ്യായന വർഷം മുതൽ രണ്ട് ഘട്ടമായി നടത്തും. ആദ്യ പരീക്ഷ ഫെബ്രുവരിയിലും രണ്ടാം പരീക്ഷ മേയിലും നടത്തും. മാർക്ക് മെച്ചപ്പെടുത്താൻ താത്പര്യമുള്ള വിദ്യാർഥികൾക്ക് മേയിൽ നടക്കുന്ന രണ്ടാം ഘട്ട പരീക്ഷയെഴുതാം.

ആദ്യത്തെ പരീക്ഷ നിർബന്ധമായും എല്ലാ വിദ്യാർഥികളും എഴുതണം. പുതിയ രീതിയിൽ ഒരു തവണ മാത്രമായിരിക്കും ഇൻറേണൽ അസസ്മെൻറ്. ആദ്യ പരീക്ഷയുടെ ഫലം ഏപ്രിലിലും രണ്ടാമത്തെ പരീക്ഷാഫലം ജൂണിലും പ്രസിദ്ധീകരിക്കും.

രണ്ടാംഘട്ട പരീക്ഷ ഓപ്ഷനലായിരിക്കുമെന്ന് സിബിഎസ്ഇ അറിയിച്ചു. ശാസ്ത്രം, ഗണിതം, സാമൂഹിക ശാസ്ത്രം, ഭാഷകൾ എന്നിവയിൽ നിന്നുള്ള ഏതെങ്കിലും മൂന്ന് വിഷയങ്ങളിൽ മാർക്ക് മെച്ചപ്പെടുത്താനായിരിക്കും അവസരം.

# അപകടകരമായ രീതിയിൽ ജലനിരപ്പുയരുന്നു; വിവിധ നദികളിൽ ഓറഞ്ച് അലർട്ട്

തിരുവനന്തപുരം: അപകടകരമായ രീതിയിൽ ജലനിരപ്പുയരുന്നതിനെ തുടർന്ന് സംസ്ഥാന ജലസേചന വകുപ്പ് വിവിധ നദിയിൽ ഓറഞ്ച്, മഞ്ഞ അലർട്ടുകൾ പ്രഖ്യാപിച്ചു. ഈ നദികളുടെ തീരത്തുള്ളവർ ജാഗ്രത പാലിക്കണമെന്നും മുന്നറിയിപ്പുണ്ട്.

എറണാകുളം ജില്ലയിലെ മൂവാറ്റുപുഴ (തൊടുപുഴ സ്റ്റേഷൻ), തൃശൂർ ജില്ലയിലെ ഭാരതപ്പുഴ (ചെറുതുരുത്തി സ്റ്റേഷൻ), മലപ്പുറം ജില്ലയിലെ ഭാരതപ്പുഴ (തിരുവേഗപ്പുര സ്റ്റേഷൻ) എന്നിവിടങ്ങളിലാണ് ഓറഞ്ച് അലർട്ടുള്ളത്.

കൂടാതെ, പത്തനംതിട്ട ജില്ലയിലെ അച്ചൻകോവിൽ (കല്ലേലി & കോന്നി ഏഉ സ്റ്റേഷൻ), പമ്പ (മടമൺ സ്റ്റേഷൻ - ഇണഇ ), കോട്ടയം ജില്ലയിലെ മണിമല (പുല്ലകയാർ സ്റ്റേഷൻ - ഇണഇ), ഇടുക്കി ജില്ലയിലെ തൊടുപുഴ (മണക്കാട് സ്റ്റേഷൻ - ഇണഇ), എറണാകുളം ജില്ലയിലെ പെരിയാർ (കാലടി സ്റ്റേഷൻ & മാർത്താണ്ഡവർമ സ്റ്റേഷൻ), മുവാറ്റുപുഴ (കക്കടശ്ശേരി സ്റ്റേഷൻ), പാലക്കാട് ജില്ലയിലെ ഭാരതപ്പുഴ (വണ്ടാഴി സ്റ്റേഷൻ), തൃശൂർ ജില്ലയിലെ ചാലക്കുടി (വെറ്റിലപ്പാറ സ്റ്റേഷൻ), വയനാട് ജില്ലയിലെ കബനി (ബാവേലി & കക്കവയൽ, മുത്തൻകര സ്റ്റേഷൻ - ഇണഇ) എന്നിവിടങ്ങളിൽ യെല്ലോ അലർട്ടും പ്രഖ്യാപിച്ചിട്ടുണ്ട്.

അതേസമയം, പത്തനംതിട്ട ജില്ലയിലെ പമ്പ (മടമൺ സ്റ്റേഷൻ), ഇടുക്കി ജില്ലയിൽ തൊടുപുഴ (മണക്കാട് സ്റ്റേഷൻ), തൃശൂർ ജില്ലയിൽ ചാലക്കുടി (അരങ്ങാലി സ്റ്റേഷൻ) എന്നിവിടങ്ങളിൽ കേന്ദ്ര ജല കമ്മീഷൻ മഞ്ഞ അലർട്ട് പ്രഖ്യാപിച്ചിട്ടുണ്ട്.

യാതൊരു കാരണവശാലും നദികളിൽ ഇറങ്ങാനോ നദി മുറിച്ചു കടക്കാനോ പാടില്ല. തീരത്തോട് ചേർന്ന് താമസിക്കുന്നവർ ജാഗ്രത പാലിക്കേണ്ടതാണ്. അധികൃതരുടെ നിർദേശാനുസരണം പ്രളയ സാധ്യതയുള്ളയിടങ്ങളിൽ നിന്ന് മാറി താമസിക്കാൻ തയാറാകണമെന്നും മുന്നറിയിപ്പിൽ പറയുന്നു.

# പ്രതിരോധച്ചെലവ് വർധിപ്പിക്കാൻ നാറ്റോ

ഹേഗ്: റഷ്യയിൽനിന്നുൾപ്പെടെ ഭീഷണി വർധിക്കുന്ന സാഹചര്യത്തിൽ പ്രതിരോധച്ചെലവ് വർധിപ്പിക്കാൻ നാറ്റോ അംഗരാജ്യങ്ങൾ തീരുമാനിച്ചു. നെതർലൻഡ്സിലെ ദ ഹേഗിൽ നടന്ന ഉച്ചകോടിയിലാണു തീരുമാനം.

ജിഡിപിയുടെ അഞ്ചു ശതമാനം വിഹിതമായിരിക്കും അംഗരാജ്യങ്ങൾ പ്രതിരോധച്ചെലവിനത്തിലേക്ക് നൽകുക. നിലവിലിതു ജിഡിപിയുടെ രണ്ടു ശതമാനമാണ്. പ്രതിരോധച്ചെലവ് വർധിപ്പിക്കാനുള്ള തീരുമാനം വലിയ വിജയമാണെന്ന് സമ്മേളനത്തിൽ പങ്കെടുത്ത യുഎസ് പ്രസിഡൻറ് ഡോണൾഡ് ട്രംപ് വ്യക്തമാക്കി.

കൂട്ടായ പ്രതിരോധത്തിനായുള്ള തങ്ങളുടെ ദൃഢമായ പ്രതിബദ്ധത തങ്ങൾ വീണ്ടും ഉറപ്പിക്കുന്നുവെന്നും ഒരാൾക്കു നേരേയുള്ള ആക്രമണം എല്ലാവർക്കുമെതിരേയുള്ള ആക്രമണമാണെന്നും സമ്മേളനം അംഗീകരിച്ച ദ ഹേഗ് പ്രഖ്യാപനത്തിൽ പറയുന്നു.

യുക്രെയ്നു ശക്തമായ പിന്തുണ നൽകേണ്ടതിൻറെ ആവശ്യകത സമ്മേളനം ആവർത്തിച്ചു. റഷ്യ ഉയർത്തുന്ന ഭീഷണിയുടെ സാഹചര്യത്തിൽ പ്രതിരോധച്ചെലവ് കൂട്ടിയതു സഖ്യത്തിൻറെ കൂട്ടായ പ്രതിരോധത്തിൽ വലിയ കുതിച്ചുചാട്ടത്തിന് കാരണമാകുമെന്ന് നാറ്റോ സെക്രട്ടറി ജനറൽ മാർക്ക് റുട്ടെ പറഞ്ഞു.

നാറ്റോ അംഗമല്ലെങ്കിലും ഉച്ചകോടിയിലേക്ക് സെലൻസ്കിയെ ക്ഷണിച്ചത് യുക്രെയ്നു നേട്ടമായി. ഉച്ചകോടിക്കിടെ ട്രംപുമായി സെലൻസ്കി കൂടിക്കാഴ്ച നടത്തി. ട്രംപുമായി ദീർഘവും അർത്ഥവത്തായതുമായ കൂടിക്കാഴ്ച നടത്തിയെന്നും തങ്ങൾ വെടിനിർത്തൽ കാര്യം ചർച്ച ചെയ്തതായും സെലെൻസ്കി എക്സിൽ കുറിച്ചു. ഉച്ചകോടിയിൽ പങ്കെടുത്ത യുകെ, ഇറ്റലി, ജർമനി, ഫ്രാൻസ് തുടങ്ങിയ രാജ്യങ്ങളിലെ നേതാക്കളുമായും സെലൻസ്കി കൂടിക്കാഴ്ച നടത്തി.

അതേസമയം, യുക്രെയ്നുമായി ഒരു സമാധാന കരാറിലെത്തുന്നത് താൻ വിഭാവനം ചെയ്തതിലും ബുദ്ധിമുട്ടാണെന്ന് ഡോണൾഡ് ട്രംപ് വാർത്താസമ്മേളനത്തിൽ പറഞ്ഞു. യുക്രെയ്ൻ യുഎസിനോട് പേട്രിയറ്റ് വ്യോമപ്രതിരോധ സംവിധാനം ചോദിച്ചിട്ടുണ്ടെന്നും ഇക്കാര്യം ആലോചിക്കുമെന്നും ട്രംപ് അറിയിച്ചു.